# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി6)/1458/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം (പി6)/1458/2023 തീയ്യതി: 02/12/2023

# എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 18-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 18-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയബീവി ജെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
പ്രവീൺ ഷേണായ് ജെ, ഓഡിറ്റ് ഓഫീസർ
ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ടിനു കെ ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മറിയാമ്മ ബെന്നി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ബിനു വർഗീസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിഷ കെ എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| സുമ എം സി | അസിസ്റ്റന്റ് സെക്രട്ടറി | 15-10-2022 | 31-03-2023 |
| ഡോ.രഞ്ജിനി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ദിവ്യ ഭൂപേഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 27-09-2022 |
| അഖിൽ ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 28-09-2022 | 31-03-2023 |
| ഡോ ഡിജി ടി ഡി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ഷാഹിന സി കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 15-06-2022 |
| ഡോ.ജെസ്സി ഉതുപ്പ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-06-2022 | 31-03-2023 |
| ഡോ ഷാജി പി എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ജയ കെ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ബിന്ദു കുര്യാക്കോസ് | ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്,കാരിക്കോട് | 01-04-2022 | 31-03-2023 |
| അനഘ പി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 27-07-2022 |
| ഒഴിവ് | ഐ സി ഡി എസ് സൂപ്പർവൈസർ | 28-07-2022 | 24-08-2022 |
| രജിത എൻ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 25-08-2022 | 11-01-2023 |
| വന്ദന | ഐ സി ഡി എസ് സൂപ്പർവൈസർ | 12-01-2023 | 31-03-2023 |
| ജോർജ്ജ് എം പി | വി. ഇ. ഒ (മുളന്തുരുത്തി) | 01-04-2022 | 01-06-2022 |
| അശ്വതി വി ഉണ്ണി | വി. ഇ. ഒ (മുളന്തുരുത്തി) | 02-06-2022 | 17-02-2023 |
| മായ കെ വി | വി. ഇ. ഒ (മുളന്തുരുത്തി) | 18-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| വിജയ് വിജി | വി. ഇ. ഒ (പെരുമ്പിള്ളി) | 01-04-2022 | 01-09-2022 |
| മായ കെ വി | വി. ഇ. ഒ (പെരുമ്പിള്ളി) | 02-09-2022 | 20-09-2022 |
| സൂര്യ രാജൻ | വി. ഇ. ഒ (പെരുമ്പിള്ളി) | 21-09-2022 | 27-02-2023 |
| സുഷ ആർ | വി. ഇ. ഒ (പെരുമ്പിള്ളി) | 28-02-2023 | 31-03-2023 |
| ജോർജ്ജ് എം പി | വി. ഇ. ഒ (തുരുത്തിക്കര) | 01-04-2022 | 01-09-2022 |
| മായ കെ വി | വി. ഇ. ഒ (തുരുത്തിക്കര) | 02-09-2022 | 02-10-2022 |
| മോഹൻദാസ് കെ സി | വി. ഇ. ഒ (തുരുത്തിക്കര) | 03-10-2022 | 05-11-2022 |
| ഒഴിവ് | വി. ഇ. ഒ (തുരുത്തിക്കര) | 06-11-2022 | 06-11-2022 |
| മായ കെ വി | വി. ഇ. ഒ (തുരുത്തിക്കര) | 07-11-2022 | 31-03-2023 |
| ആശ രാജ് ആർ സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | മുന്നിരുപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഗ്രാമപഞ്ചായത്തിന്റെ വായ്പ കണക്കുകളിൽ വ്യത്യാസം. | 1-1-4 |
| 6 | വസ്തുനികുതി ഡി.സി.ബി. കണക്കുകൾ - സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ പൂർണ്ണമല്ല. | 1-1-6 |
| 8 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. | 1-1-8 |
| 10 | ട്രഷറി തനത്ഫണ്ട് അക്കൗണ്ടിന്റെ നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമല്ല. | 1-1-9 |
| 11 | ട്രഷറി ക്യൂ ബില്ലുകൾ ക്യാൻസൽ ചെയ്തില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവ് കൃത്യമല്ല. | 1-1-10 |
| 12 | തുക ചെലവഴിച്ച പ്രോജക്ടുകളുടെ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തനത് വരുമാനം - അവലോകനം | 1-11 |
| 23 | ദുരിതാശ്വാസ നിധി- പ്രവർത്തനം കാര്യക്ഷമം | 1-12 |
| 24 | നിയമാനുസൃതമല്ലാത്ത കെട്ടിടനിർമ്മാണം നടത്തി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു, വഴി സൗകര്യം ഇനത്തിൽ വസ്തുനികുതി വർദ്ധനവ് | 1-13 |

| | | |
|---|---|---|
| | ചെയ്യില്ല. | |
| 25 | നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടത്തിന് തെറ്റായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു. | 1-14 |
| 26 | വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു. | 1-15 |
| 27 | മേഖല ഇനത്തിൽ അനർഹമായി വസ്തുനികുതി ഇളവ് നൽകി | 1-16 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-17 |
| 29 | കടമുറികൾ വാടകക്ക് നൽകിയില്ല | 1-18 |
| 30 | ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം. | 1-19 |
| 31 | Restoration Charges For Road Cutting - രേഖകൾ ലഭ്യമായില്ല. | 1-20 |
| 32 | തനത് ഫണ്ട് അക്കൗണ്ടിന് നിയമാനുസൃത പലിശ ലഭിക്കുന്നില്ല. | 1-21 |
| 33 | കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് -വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-22 |
| 34 | കാരിക്കോട് ഗവ.യു.പി സ്കൂളിന് മോഡേൺ ഫർണീച്ചർ വാങ്ങൽ - അപാകതകൾ | 1-23 |
| 35 | പുളിക്കമാലി എസ്.സി കോളനി പമ്പ് ഹൗസ് നവീകരണവും പുതിയ മോട്ടോർ സ്ഥാപിക്കലും വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് നല്കൽ- പണി പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 36 | സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ - കോണോത്തു പുഴ- വിവരങ്ങൾ കാലികമാക്കേണ്ടതാണ്. | 1-25 |
| 37 | ടേക്ക് - എ - ബ്രേക്ക് പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല. | 1-26 |
| 38 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-27 |
| 39 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടപ്പാക്കിയ പദ്ധതികൾ- ചെലവുകളിൽ സുതാര്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-28 |
| 40 | ഹരിതകർമ്മസേനക്ക് ട്രോളി വിതരണം-വാങ്ങൽ നടപടികളിലെ അപാകങ്ങൾ | 1-29 |
| 41 | കാരിക്കോട് സാംസ്കാരിക നിലയവും വനിത ട്രെയിനിങ്ങ് സെന്ററും പണിയുന്നതിനായി തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-30 |
| 42 | ഐ.കെ.എം വിഹിതം അടവാക്കൽ-ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-31 |
| 43 | എസ്.എസ്.കെ. വിഹിതം അടവാക്കൽ - അപാകതകൾ | 1-32 |
| 44 | ഗവ.ഹോമിയോ ഡിസ്പെൻസറി - മരുന്ന് വാങ്ങിയത് - പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-33 |

| | | |
|---|---|---|
| 45 | ബയോബിൻ വിതരണം - വാങ്ങൽ നടപടികൾ സുതാര്യമല്ല. | 1-34 |
| 46 | കരുതൽ - വയോജനങ്ങൾക്കായുള്ള മാനസിക ആരോഗ്യ പദ്ധതി. | 1-35 |
| 47 | നൈപുണ്യ വികസനം-അപാകതകൾ | 1-36 |
| ഭാഗം **2** | | |
| 1 | വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു. | 2-1 |
| 2 | മേഖല ഇനത്തിൽ അനർഹമായി വസ്തുനികുതി ഇളവ് നൽകി | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 ലെ 6(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി: 02.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹108,03,596/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+FinancingActivity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6048573/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ്

പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 മുന്നിരുപ്പ് തുക പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റ് ചെയ്ത ധനകാര്യപത്രിക പ്രകാരം നീക്കിയിരുപ്പും [RP 40(b)] 2022-23 വർഷത്തെ ഓഡിറ്റിനായി ലഭ്യമാക്കിയ ധനകാര്യപത്രിക പ്രകാരം മുന്നിരുപ്പും [RP 40(a)] തമ്മിൽ ₹10/- വ്യത്യാസമുണ്ട്. ഇത് SBI E-payment അക്കൗണ്ടിന്റെ നീക്കിയിരിപ്പിൽ വന്ന വ്യത്യാസം മൂലമാണ്.

1-1-4 ഗ്രാമപഞ്ചായത്തിന്റെ വായ്പ കണക്കുകളിൽ വ്യത്യാസം.

KURDFC വായ്പ സംബന്ധിച്ച് വായ്പാസ്ഥാപനത്തിന്റെ കണക്കിലും ഗ്രാമപഞ്ചായത്തിന്റെ ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കുന്ന വായ്പാ തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള KURDFC വായ്പയും പൊരുത്തപ്പെടുന്നില്ല. ലോൺ രജിസ്റ്ററിലുള്ള കുടിശ്ശിക ₹58,00,534/-ഉം വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ₹54,42,263/-മാണ്. നൽകിയ രണ്ട് ഗഡു പലിശതുക കൂടി മുതൽക്കണക്കിനൊപ്പം ചേർത്തതിനാലാണ് വാർഷിക ധനകാര്യപത്രികയിലെ കണക്കിൽ വ്യത്യാസം വന്നിട്ടുള്ളത്.

1-1-5 വസ്തുനികുതി ഡി.സി.ബി. കണക്കുകൾ - സഞ്ചയ സോഫ്റ്റ്വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി.യിൽ ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമായിട്ടുള്ള സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-6 അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ പൂർണ്ണമല്ല.

വാർഷിക ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂളിൽ ചേർത്തിട്ടുള്ള അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ലഭ്യമല്ല. അഡ്വാൻസ് തുക നൽകിയ പ്രോജക്ട് നമ്പർ, അടങ്കൽ, ഫണ്ടിനം, അഡ്വാൻസ് നൽകിയ തുക, നൽകിയ തീയതി, ബന്ധപ്പെട്ട ഏജൻസികളുമായി ഏർപ്പെട്ട കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ട കാലയളവ് പോലുള്ള അത്യാവശ്യ വിവരങ്ങൾ രജിസ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ മുളന്തുരുത്തി ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം.6720716933l) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹1,17,195/- നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.ബി.ഐ. ഇ-പേയ്മെന്റ് അക്കൗണ്ട്, സ്വച്ഛഭാരത മിഷൻ അക്കൗണ്ട്, യൂണിയൻ ബാങ്ക് പി.എഫ്.എം.എസ്. അക്കൗണ്ട് എന്നിവയുടെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് കൃത്യമല്ല. കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരങ്ങളാണ് ഈ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-9 ട്രഷറി തനത്ഫണ്ട് അക്കൗണ്ടിന്റെ നീക്കിയിരുപ്പ് വിവരങ്ങൾ ലഭ്യമല്ല.

ട്രഷറി തനത്ഫണ്ട് അക്കൗണ്ടിന്റെ 31.03.2023-ലെ നീക്കിയിരുപ്പായി ₹4,085/- വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ടിലെ പാസ്സ്ബുക്കിൽ 2020 വരെയുള്ള വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-10 ട്രഷറി ക്യൂ ബില്ലുകൾ ക്യാൻസൽ ചെയ്തില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവ് കൃത്യമല്ല.

2023 മാർച്ച് 31 ന് ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകളുടെ റിക്വസിഷൻ ക്യാൻസൽ ചെയ്തിട്ടില്ലാത്തതിനാൽ വിവിധ ഫണ്ടുകളുടെ വാർഷിക കണക്കിലേയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെയും ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-11 തുക ചെലവഴിച്ച പ്രോജക്ടുകളുടെ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഗ്രാമ പഞ്ചായത്ത് തുക ചെലവഴിച്ച ഏതാനും പദ്ധതികളുടെ ചെലവ് വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ചേർത്തിട്ടില്ല. (പ്രോജക്ട് നം 45/2023 & 84/2023) ഇതിനാൽ സുലേഖ പത്രിക പ്രകാരമുള്ള ആകെ അടങ്കൽ, ചെലവ് എന്നിവ കൃത്യമല്ല.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 17.03.2022ലെ 1/1 -ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 09.03.2023ലെ 09/3 -ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 09/03 തീയതി 09.03.2023) |
|---|---|
| മുന്നിരുപ്പ് | ₹39,07,427 |
| വരവ് | ₹23,90,25,012 |
| ആകെ | ₹24,29,32,439 |
| ചെലവ് | ₹23,11,70,050 |
| നീക്കിയിരുപ്പ് | ₹1,17,62,389 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹ 66,69,432.60 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 6,34,59,407.00 |
| ആകെ | ₹ 7,01,28,839.60 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 5,26,55,811.00 |
| നീക്കിയിരുപ്പ് | ₹ 1,74,73,028.60 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ബില്ല് പ്രകാരം മാറ്റിയെടുത്ത ഗ്രാന്റുകൾ മുഴുവൻ ഉൾപ്പെട്ടിട്ടില്ല. ഈ ഗ്രാന്റുകളുടെ വിവരം തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,37,75,203 | ₹1,37,75,203 | ₹1,23,20,370 | ₹14,54,833 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹53,14,124 | ₹53,14,124 | ₹47,93,270 | ₹5,20,854 | - |
| വികസന ഫണ്ട് (ടി.എസ്.പി) | | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹1,24,76,000 | ₹1,24,76,000 | ₹1,06,83,729 | ₹17,92,271 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹54,67,000 | ₹54,67,000 | ₹44,06,804 | ₹10,60,196 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Bank | ₹68,778 | ₹28,28,913 | ₹28,97,691 | ₹25,80,102 | - | ₹3,17,589 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Bank | ₹10,433 | ₹41,06,000 | ₹41,16,433 | ₹35,21,996 | | ₹5,94,437 |
| അനുപൂരക പോഷകാഹാരം 320100196 | ₹16,83,081 | ₹6,18,552 | ₹23,01,633 | ₹2,39,568 | - | ₹20,62,065 |
| ശുചിത്വ മിഷൻ ഗ്രാന്റ് 320100198 | ₹8,07,775 | - | ₹8,07,775 | ₹6,99,867 | - | ₹1,07,908 |
| ശുചിത്വ മിഷൻ ഗ്രാന്റ് 160100769 | - | ₹5,34,600 | ₹5,34,600 | - | - | ₹5,34,600 |
| ടി.എസ്.സി 320200399 | ₹5,00,000 | ₹40,00,000 | ₹45,00,000 | | - | ₹45,00,000 |
| Health Grant – Support For Diagnostic Infrastructure 320100202 | - | ₹2,49,587 | ₹249587 | ₹2,47,169 | - | ₹2,418 |
| Health Grant – Convertion Of PHCs To Wellness Centres 320100204 | - | ₹1,30,144 | ₹1,30,144 | ₹87,820 | - | ₹42,324 |
| Govt Agencies 320300199 | | ₹2,71,429 | ₹2,71,429 | ₹81,706 | - | ₹1,89,723 |

കുറിപ്പ്:വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹19,65,797/- ഉൾപ്പെടുന്നുണ്ട്.

വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹4,77,876/- ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | ₹11,03,23,271 | ₹5,95,25,394 | 101 | 49 | 38 | 53.72% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ₹426 | ₹17,77,294 | ₹17,77,720 | ₹17,77,720 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹2,41,99,280 | ₹2,41,99,280 | ₹2,41,99,280 | - |
| ആകെ | ₹426 | ₹2,59,76,574 | ₹2,59,77,000 | ₹2,59,77,000 | ₹0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹61,06,100 | 553 |
| വിധവാപെൻഷൻ | ₹88,40,000 | 858 |
| വാർദ്ധക്യകാല പെൻഷൻ | ₹2,58,51,400 | 2512 |
| വികലാംഗപെൻഷൻ | ₹31,77,800 | 288 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹8,10,600 | 79 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹1,50,000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2023 തീയതിയിൽ 2.30 PMന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,807/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയതിന്റെയും ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്നറിയുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൃത്യമാക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2021 | ഡിസംബർ 2021 | 26.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2022 | 2019-20 | 13.04.2022 |

## 1-11 തനത് വരുമാനം - അവലോകനം

1) വസ്തുനികുതി പാർപ്പിടേതര കെട്ടിടങ്ങളിൽ നിന്നും Current ഇനത്തിൽ 57473 രൂപയും Arrear ഇനത്തിൽ 235985 രൂപയും പഞ്ചായത്തിന് ലഭിക്കാനുണ്ട്. ആയത് പിരിച്ചെടുക്കേണ്ടതാണ്.

2) 5 കടമുറികൾ വാടകക്ക് നൽകാതിരുന്നതിനാൽ തൻവർഷം മൂന്ന് ലക്ഷം രൂപക്ക് മുകളിൽ വാടകയിൽ നിന്നും വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

3) തെറ്റായ റോഡ്, മേഖല തെരഞ്ഞെടുത്ത് വസ്തുനികുതി നിർണ്ണയിച്ചതിനാൽ ഈ ഇനത്തിൽ വരുമാന

നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതക പരിഹരിക്കേണ്ടതാണ്.

4) റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച് വ്യക്തമായ കണക്ക് സൂക്ഷിക്കേണ്ടതാണ്.

5) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം നടത്തി സൂപ്പർമാർക്കറ്റുൾപ്പടെയുള്ള കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. പഞ്ചായത്തിൽ നമ്പർ അനുവദിച്ചതിൽ കൂടുതൽ നിർമ്മാണം നടത്തി കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

6) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

7) F.T.E.O ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയ്ക്ക് ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടങ്ങൾക്ക് വിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 ദുരിതാശ്വാസ നിധി- പ്രവർത്തനം കാര്യക്ഷമം

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ 04-12-2004ൽ ജില്ലാ സഹകരണ ബാങ്ക്, മുളന്തുരുത്തി ബ്രാഞ്ചിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം മുന്നിരുപ്പ് ₹2,72,802/- യും വരവ് ₹35,000/- നീക്കിയിരുപ്പ് ₹1,86,654/-യുമാണ്. ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് ഇതിൽ നിന്നും ആകെ ₹1,21,148/- അടിയന്തര സഹായം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ നിധി പ്രവർത്തനം വളരെ കാര്യക്ഷമമാണ്.

## 1-13 നിയമാനുസൃതമല്ലാത്ത കെട്ടിടനിർമ്മാണം നടത്തി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു, വഴി സൗകര്യം ഇനത്തിൽ വസ്തുനികുതി വർദ്ധനവ് ചെയ്തില്ല.

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിലെ രണ്ട് സൂപ്പർ മാർക്കറ്റുകൾ കെട്ടിട നമ്പർ അനുവദിച്ചതിൽ കൂടുതൽ നിർമ്മാണം നടത്തി പ്രവർത്തിക്കുന്നു. 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള റോഡിൽ നിന്നും പ്രവേശനമുള്ള ഇവയുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യം ഇനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് ചെയ്തില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) സുരേഷ് കുമാർ ഇ.എസ്., ഇലവൻകുഴിയിൽ പുത്തൻപുര, നെച്ചൂർ എന്ന വ്യക്തിക്ക് ടിയാളുടെ ഉടമസ്ഥതയിലുള്ള 7/575/A, 7/575/B നമ്പർ കെട്ടിടങ്ങളിൽ (രണ്ട് നില) ONYX HYPERMART എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് FTEOS ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2021 രണ്ടാം അർദ്ധവർഷം മുതലാണ് ഇവയുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നത്. ഈ കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമം നൽകിയിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയവിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഇളവുകൾ/വർദ്ധനവുകൾ | വസ്തു നികുതി |
|---|---|---|---|
| 7/575/A | 177.74 | ഇല്ല | 177.74 X 80 = 14220/- |
| 7/575/B | 225.65 | ഇല്ല | 225.65 X 80 = 18052/- |

അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം ഈ കെട്ടിടങ്ങൾക്ക് 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള ആരക്കുന്നം - പിറവം (മുളന്തുരുത്തി - പിറവം) പി.ഡബ്ല്യൂ.ഡി റോഡിൽ നിന്നും പ്രവേശനമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ഈ വർദ്ധനവ് നൽകിയിട്ടില്ല. ആയതിനാൽ പ്രതിവർഷം 6454/- രൂപയുടേയും 2022 രണ്ടാം അർദ്ധവർഷം വരെ 9,681/- രൂപയുടേയും വസ്തുനികുതി കുറവുണ്ടായിട്ടുണ്ട്. 15-9-2023 ൽ മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ നമ്പർ അനുവദിക്കാത്ത രണ്ടാം നില നിർമ്മിച്ചതായും ആയതിന് തറവിസ്തീർണ്ണം 90 ച.മീറ്ററിൽ കൂടുതൽ ഉള്ളതായും കെട്ടിടത്തിന് ആകെ മൂന്ന് നിലകളുള്ളതായും ബോധ്യപ്പെട്ടു. ആയതിനാൽ ഈ ഇനത്തിലും പഞ്ചായത്തിന് വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

2) രഘു വി., ലക്ഷ്മി സദനം, തുരുത്തിക്കര, പൈങ്ങരപ്പിള്ളി പി.ഒ. എന്ന വ്യക്തിക്ക് ടിയാളുടെ ഉടമസ്ഥതയിലുള്ള 10/350/A, 10/350/B നമ്പർ കെട്ടിടങ്ങളിൽ (രണ്ട് നില) ലക്ഷ്മി സൂപ്പർമാർക്കറ്റ് എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് FTEOS ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമം വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന് നൽകിയിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയവിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഇളവുകൾ / വർദ്ധനവുകൾ | വസ്തു നികുതി |
|---|---|---|---|
| 10/350/A | 139 (താഴത്തെ നില) | ഇല്ല | 80 X 139 = 11120/- |
| 10/350/B | 139 (ഒന്നാം നില) | 556 (ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്) | 11120 - 556 = 10564/- |

2017 ഒന്നാം അർദ്ധവർഷം മുതൽ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി 6950/-, 6603/- രൂപ വീതവും 2018 ഒന്നാം അർദ്ധവർഷം മുതൽ മേൽ ചേർത്ത പ്രകാരവുമാണ് നിർണ്ണയിച്ച് ഈടാക്കുന്നത്. അംഗീകരിച്ച പ്ലാനിൽ കെട്ടിടത്തിന്റെ പ്രവേശനം ആയുർവ്വേദ ഹോസ്പിറ്റൽ

റോഡ് എന്നും ഒരു വശത്ത് Property Of Raghu എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ പ്രകാരം ടി Property Of Raghu എന്ന വസ്തു മുളന്തുരുത്തി - പിറവം റോഡിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. 267.92 ച.മീ (6.622 Cent) മാത്രമാണ് പ്ലോട്ട് വിസ്തീർണ്ണമായി പ്ലാനിൽ രേഖപ്പെടുത്തിയത്. 15-9-2023 ന് മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ കെട്ടിടത്തിന്റെ ഒരു വശം മുളന്തുരുത്തി - പിറവം റോഡിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ളതായും ഒരു വശം ചുറ്റുമതിലിനോട് ചേർത്ത് നിർമ്മിച്ചതായും നമ്പർ അനുവദിക്കാത്ത രണ്ടാം നില നിർമ്മിച്ചതായും കെട്ടിടത്തിന് ആകെ മൂന്ന് നിലകളുള്ളതായും ഓരോ നിലയുടേയും തറവിസ്തീർണ്ണം 200 ച.മീറ്ററിൽ കൂടുതൽ ഉള്ളതായും ബോധ്യപ്പെട്ടു. 278 ച.മീ. തറവിസ്തീർണ്ണത്തിന് മാത്രം വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ഈ സ്ഥാപനം നിലവിൽ 600 ച.മീറ്ററിൽ കൂടുതൽ ഉണ്ട്. നമ്പർ അനുവദിച്ചതിനേക്കൾ ഇരട്ടിയലധികം കെട്ടിടനിർമ്മാണം നടത്തി സൂപ്പർമാർക്കറ്റ് പ്രവർത്തിച്ചിട്ടും നടപടി സ്വീകരിക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പി.ഡബ്ല്യു.ഡി റോഡിനോട് ചേർത്തും ചുറ്റുമതിലിനോട് ചേർത്തും കെട്ടിടം നിർമ്മിച്ചത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമാണ്. യഥാർത്ഥ തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിനാൽ 20,000/- രൂപയിലധികം വസ്തുനികുതി പ്രതിവർഷം നഷ്ടം ഉണ്ടായിട്ടുണ്ട്. വഴിസൗകര്യം ഇനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ വർദ്ധനവ് ചെയ്യാതിരുന്നതിനാൽ ഈ ഇനത്തിലും വസ്തു നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ വിവരങ്ങൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (18/16-9-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വഴിസൗകര്യം ഇനത്തിൽ അടിസ്ഥാന വസ്തു നികുതി വർദ്ധനവ് ചെയ്ത്, നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണത്തിനെതിരെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരവും, കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 235 W(1), 235 AA എന്നിവ പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 നിലവിലുണ്ടായിരുന്ന വാണിജ്യ കെട്ടിടത്തിന് തെറ്റായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നു.

സെക്രട്ടറി, അന്തോഖ്യ സിംഹാസന വിശ്വാസ തീർത്ഥാടന യാത്രാസംഘം, മുളന്തുരുത്തി, എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള 8/337/A നമ്പർ കെട്ടിടത്തിന്റെ ARV അടിസ്ഥാനത്തിലുള്ള കെട്ടിടനികുതി 3,600/- രൂപയും (എൽ.സി ഇല്ലാതെ) കെട്ടിട നമ്പർ 7/114/A1 ഉം ആയിരുന്നു. 2013ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ ചട്ടം 9.4d പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ്റി അൻപത് ശതമാനത്തിൽ അധികരിക്കാതെ നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27.04.2015 ലെ സ.ഉ.(എം.എസ്)നം.144/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈ വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. മേൽ കെട്ടിടത്തിന്റെ ടി പരിധി = 3,600 X 2 = 7,200/-

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ചത്. എന്നാൽ 125 ച.മീ. തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമം നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ഈ ഉപയോഗ ക്രമത്തിന് 30രൂപ/ച.മീറ്ററും വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമത്തിന് 50രൂപ/ച.മീറ്ററുമാണ് മുളന്തുരുത്തി

ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്.

| | |
|---|---|
| 30 രൂപ/ച.മീ പ്രകാരം നിർണ്ണയിച്ചത് | 3750 + 750 (വഴി സൗകര്യം 20% വർദ്ധനവ്) = 4500/- |
| 50 രൂപ/ച.മീ പ്രകാരം നിർണ്ണയിക്കേണ്ടത് | 6250 + 1250 = 7500/- |

ടി കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായ ഉപയോഗക്രമം നൽകി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100% വർദ്ധനവിൽ അധികരിക്കുന്നുണ്ട് (7500 > 7200). ആയതിനാൽ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയുടെ 100% വർദ്ധനവായ 7200/- രൂപയായിരുന്ന വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ആയതിന് പകരം തെറ്റായ ഉപയോഗ ക്രമം നൽകി തറവിസ്തീർണ്ണാടിസ്ഥാനത്തിൽ 4500/- രൂപയായി വസ്തുനികുതി നിർണ്ണയിച്ചതിനാൽ പ്രതിവർഷം 2,700/- രൂപയുടേയും 2022 രണ്ടാം അർദ്ധവർഷം വരെ 27000/- രൂപയുടേയും വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. തെറ്റായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.2/14-9-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-15 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു.

സാം ഇട്ടൂപ്പ്, ബീന ഇട്ടൂപ്പ്, തുകലൻ കാച്ചാപ്പിള്ളിൽ, മുളന്തുരുത്തി എന്നിവരുടെ ഉടമസ്ഥതയിലുള്ള 1/455/B, 1/455/C കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി തൻവർഷം കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കുന്നുണ്ട് (സഞ്ചയയിൽ സൈൻ ചെയ്തത് - 4-3-2023). അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള മുളന്തുരുത്തി - ചോറ്റാനിക്കര റോഡിൽ നിന്നും പ്രവേശനമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ഈ വർദ്ധനവ് നൽകാതെയാണ് വസ്തുനികുതി നിർണ്ണയിച്ചത്. ആയതിനാൽ ഈ ഇനത്തിൽ വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6.1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിന്റെ 20-09-2011 ലെ പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിലെ 1, 2, 3, 4, 7, 8, 9, 10, 11, 12, 13, 14, 15, 16 വാർഡുകളിലെ കെട്ടിടങ്ങളെ പ്രഥമ മേഖലയിലും 5, 6 വാർഡുകളിലെ കെട്ടിടങ്ങൾ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 1-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട മേൽ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിലും വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-16 മേഖല ഇനത്തിൽ അനർഹമായി വസ്തുനികുതി ഇളവ് നൽകി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം

6.1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 20-09-2011 ലെ പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 7, 8, 9, 10, 11, 12, 13, 14, 15, 16വാർഡുകളിലെ കെട്ടിടങ്ങളെ പ്രഥമ മേഖലയിലും 5, 6 വാർഡുകളിലെ കെട്ടിടങ്ങൾ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സഞ്ചയ Form 6, Assessment Details എന്നിവ പ്രകാരം ചില കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ടവയെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ വസ്തുനികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ 2022-2023 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് അപാകതകൾ താഴെ ചേർക്കുന്നു.

1) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം | പാരാ മെഡിക്കൽ രജിസ്ട്രേഷൻ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 17 | ഡെന്റൽ ഹെൽത്ത് സെന്റർ, പള്ളിത്താഴം, മുളന്തുരുത്തി |
| 2 | 2 | ഓറ കെയർ ഡെന്റൽ ക്ലിനിക്ക്, മുളന്തുരുത്തി |
| 3 | 3 | ഫേബ ക്ലിനിക്കൽ ലബോറട്ടറി |
| 4 | 10 | വി-കെയർ ഫിസിയോ ക്ലിനിക് |
| 5 | 13 | സെന്റ് ആന്റണീസ് ഡെന്റൽ & അക്യുപങ്ചർ ക്ലിനിക്ക് |
| 6 | 4 | വൈറ്റ് പേൾ ഡെന്റൽ ക്ലിനിക്ക് |
| 7 | 6 | പ്രബുദ്ധ ഭാരത റിഷി സങ്കല്പം, കാരിക്കോട് |
| 8 | 12 | ആയുസ്പർശ്, മുളന്തുരുത്തി |
| 9 | 14 | മുളന്തുരുത്തി മെഡിക്കൽ സെന്റർ |

2) F.T.EO.S ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിൽ ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | പ്രസ്സ്ടെക് | 10 | 12/454 |
| 2 | ടെക് സിനർജി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് | 631 | 10/164/A |
| 3 | ആരക്കുന്നം സഹകരണ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ് - ഇ.165 | 76 | 7/574/A |
| 4 | കുമുള്ളി ഹോമിയോ ക്ലിനിക് | 32 | 16/365 |
| 5 | അമൃത ആയുർ ക്ലിനിക്ക് | 48 | 16/459 |
| 6 | അതുൽ പ്രിന്റേഴ്സ് | 154 | 7/499/C |
| 7 | ഡി ടി ഡി സി കൊറിയർ സർവ്വീസ് | 359 | 1/513 |
| 8 | എം ജി എം ഇൻഫോ കോം | 710 | 16/1018 |
| 9 | മറീന ഡയഗ്നോസ്റ്റിക്സ് | 175 | 7/514 |
| 10 | Electroera Business Link Rideone Wheels | 191 | 1/427/D |
| 11 | പ്രോമിസ് ഏജൻസീസ് കൊറിയർ സർവ്വീസ് | 212 | 16/52/K |

3) 2022-2023 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, മുതലായവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

മേൽ ചേർത്തവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/16-09-2023) ലഭ്യമായ മറുപടിയിൽ മേൽ ചേർത്തവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ ഇല്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-18 കടമുറികൾ വാടകക്ക് നൽകിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചില കടമുറികൾ തൻവർഷം വാടകക്ക് നൽകിയില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വാടകക്കെടുത്തത് | പ്രതിമാസ വാടക നിരക്ക് | വാടക ഈടാക്കാത്ത കാലയളവ് | ലഭിക്കാനുള്ള വാടക |
|---|---|---|---|---|---|
| 1 | 3/202/M, 3/202/N | ജനറൽ മാനേജർ, കൺസ്യൂമർഫെഡ് | 57,288/- | 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ | 2,29,152/- |
| 2 | 3/202/T | രജനി എം.എ, കണ്ടൻചിറയിൽ | 3,000/- | 2022ജൂൺ മുതൽ 2023 മാർച്ച് വരെ | 30,000/- |
| 3 | 1/308/D | വിനോദ് എം.ബി, കുനമ്പാലത്തിങ്കൽ | 3,859/- | 2022ജൂൺ മുതൽ 2023 മാർച്ച് വരെ | 38,590/- |
| 4 | 1/308/B1 | വിനോദ് എം.ബി, കുനമ്പാലത്തിങ്കൽ | 4,000/- | 2022ജൂൺ മുതൽ 2023 മാർച്ച് വരെ | 40,000/- |
| ആകെ ലഭിക്കാത്ത വാടക | | | | | 3,37,742/- |

മേൽചേർത്ത കടമുറികളിൽ ഉൾപ്പെടാത്ത 3,000/- രൂപ പ്രതിമാസം വാടക നിശ്ചയിക്കപ്പെട്ട 3/202/P, 3/202/Q, 3/202/R എന്നീ കടമുറികൾ (വാടക = 9000 X 12 = 108000/-), 4,000/- രൂപ പ്രതിമാസം വാടക നിശ്ചയിക്കപ്പെട്ട 1/308/B3 കടമുറി (വാടക = 4000 X 12 = 48,000/-) എന്നിവ തൻവർഷം 12 മാസവും വാടകക്ക് നൽകിയില്ല. ഇവ നിലവിലും വാടകക്ക് നൽകിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 4,93,742/- രൂപയുടെ വരവ് നഷ്ടം തൻവർഷം പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ആയത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/14-9-2023) 3/202/P, 3/202/Q, 3/202/R, 3/202/T, 1/308/D ഇവ നിരവധി തവണ ലേലത്തിൽ വച്ചെങ്കിലും ലേലത്തിൽ പോയിട്ടില്ലാത്തതാണെന്ന മറുപടി ലഭ്യമായി. ഇവ നിലവിലും വാടകക്ക് നൽകിയിട്ടില്ല. 3/202/M, 3/202/N എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർഫെഡ് നിലനിർത്തുന്നതിന് പഞ്ചായത്ത് തീരുമാന പ്രകാരം ശ്രമിച്ചിരുന്നെങ്കിലും കടമുറികൾ ഒഴിവായെന്നും കൺസ്യൂമർ ഫെഡ് ഔട്ട്ലെറ്റ് പുനരാരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ബീവറേജ് കോർപറേഷൻ റീജിണൽ മാനേജർക്ക് കത്ത് നൽകിയിരുന്നെന്നും എന്നാൽ മുളന്തുരുത്തി KWA അസിസ്റ്റന്റ് എഞ്ചിനിയറുടെ അപേക്ഷയിൽ 7-7-2023 ലെ 11(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 3/202/M നമ്പർ മുറി അനുവദിച്ച് നൽകി എന്ന് മറുപടി ലഭ്യമായി. എന്നാൽ ആയതിന് വാടക നിശ്ചയിച്ചിട്ടില്ല. 3/202/N നിലവിലും വാടകക്ക് നൽകിയിട്ടില്ല. അതായത് പ്രതിമാസം 57,288/- രൂപ വാടക ലഭിച്ചിരുന്ന 3/202/M, 3/202/N കടമുറികളിൽ നിന്ന് നിലവിൽ വാടക ലഭ്യമാകുന്നില്ല. 1/308/B1 കടമുറി 25-4-2023 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം വാടകക്ക് നൽകിയതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 3/202/N, 3/202/P, 3/202/Q, 3/202/R, 3/202/T, 1/308/D, 1/308/B3 എന്നീ കടമുറികൾ നിലവിലും വാടകക്ക് നൽകിയിട്ടില്ല. KWA ക്ക് വാടകക്ക് നൽകിയ കടമുറികളിൽ നിന്നും വാടക ലഭ്യമാകുന്നില്ല. ആയതിനാൽ നിലവിൽ പ്രതിമാസം 77,000/- രൂപക്ക് മുകളിൽ വാടക നഷ്ടം പഞ്ചായത്തിനുണ്ടാകുന്നുണ്ട്. ഒഴിവായ കടമുറികളെല്ലാം

വാടകക്ക് നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 57,288/- രൂപ വാടക ഈടാക്കി നൽകിയിരുന്ന കടമുറി വാടക നിശ്ചയിക്കാതെ സൗജന്യമായി KWA ക്ക് നൽകിയ നടപടി പുനഃപരിശോധിക്കാവുന്നതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-19 ഇ-ടെണ്ടർ ഫീസ് ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ചെയ്യുന്നില്ല -പലിശയിനത്തിൽ വരുമാനനഷ്ടം.

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസായി ലഭിക്കുന്ന തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ മുളന്തുരുത്തി ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം.67207169331) ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പരിശോധിച്ചതിൽ 31/03/2023 ൽ ₹1,17,195/- നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് ലഭിക്കുന്നത് കറന്റ് അക്കൗണ്ടിലായതിനാൽ ഇതിൽ സൂക്ഷിക്കുന്ന പണത്തിന് പലിശ ലഭിക്കാത്ത സാഹചര്യമുണ്ട്. എന്നാൽ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏറ്റവുമധികം ടെണ്ടറുകൾ നടക്കുന്ന സാമ്പത്തിക വർഷാവസാന മാസങ്ങളിലാണ്. ഈ കാലയളവിൽ ലഭിച്ച തുക, ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് യഥാസമയം കൈമാറാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതിനാൽ പലിശയിനത്തിൽ ലഭിക്കാമായിരുന്ന വരുമാനം നഷ്ടമാകുന്ന സ്ഥിതിയുണ്ട്. മുൻസാമ്പത്തിക വർഷാവസാനം (31/03/2022) തന്നെ ₹99,790/- നീക്കിയിരിപ്പുള്ള സാഹചര്യത്തിലും ഈ സാമ്പത്തിക വർഷം ഒരു പ്രാവശ്യം (02/12/2022ൽ) മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തുക കൈമാറിയത്. ₹1,22,860/- നീക്കിയിരുപ്പ് ഉള്ളപ്പോൾ ₹49,100/- മാത്രമാണ് തനത്ഫണ്ടിലേക്ക് മാറ്റിയത്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കായി ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടുകൾക്ക് വിവിധ ബാങ്ക് ചാർജ്ജുകൾ നൽകേണ്ടതില്ല. എന്നാൽ ഈ അക്കൗണ്ടിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കി വരുന്നുണ്ട്. അക്കൗണ്ട് കീപ്പിംഗ് ചാർജ്ജായി 12/03/2023 ൽ ഈടാക്കിയ ₹649/- ബാങ്ക് തിരികെ നൽകിയിട്ടില്ല. പ്രസ്തുത അക്കൗണ്ടിൽ ഇ ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ മാത്രമെ നടത്താവൂ എന്നിരിക്കെ അതിന് വിരുദ്ധമായി മറ്റ് അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുള്ളതായി കാണുന്നു (ചെക്ക് നമ്പർ 466593 Rs.23,220/- Debited On 13/09/2022). എന്നാൽ ഈ തുക ആർക്ക്, എന്തിനാണ് നൽകിയത് എന്ന് വ്യക്തമല്ല. ഇ-ടെണ്ടർ ഫീസ് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് യഥാസമയം കൈമാറാത്തതിനും സർക്കാർ നിർദ്ദേശപ്രകാരം തുടങ്ങിയ അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയ ചാർജ്ജുകൾ തിരികെ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-6 തീയതി 14-09-2023) നൽകിയ മറുപടിയിൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക അസിസ്റ്റന്റ് എഞ്ചിനീയർക്ക് അധിക ചുമതലയുണ്ടായിരുന്ന തദ്ദേശസ്ഥാപനത്തിന്റെ ഇ-ടെണ്ടർ ഫീസാണെന്നും ബാങ്ക് ഈടാക്കിയ ചാർജ്ജുകൾ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറേണ്ട തുക യഥാസമയം നൽകി പലിശ വരുമാനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-20 Restoration Charges For Road Cutting - രേഖകൾ ലഭ്യമായില്ല.

140500219 - Restoration Charges For Road Cutting ഹെഡിന്റെ തൻ വർഷത്തെ ലെഡ്ജറിൽ 31-3-2023 ൽ 18,59,575/- രൂപ (140672 + 28485 + 96936 + 13386 + 1580096) 1220000587 നമ്പർ വൗച്ചർ പ്രകാരം വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. Payee - IKM എന്നാണ് രേഖപ്പെടുത്തിയത്. ഇതിൽ 96,936/- രൂപയുടെ റോഡ് കട്ടിംഗ് വിവരങ്ങൾ ലഭ്യമായില്ല. ഇത് ഏത് റോഡ് കട്ടിംഗ് ഇനത്തിൽ വരവ് വന്നതാണെന്നത് സംബന്ധിച്ചും, ആയതിന്റെ എസ്റ്റിമേറ്റും മേൽ 18,59,575/- രൂപയും

ഏത് ബാങ്ക് അക്കൗണ്ടിലാണ് വരവ് വന്നതെന്നത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (21/16-9-2023) നൽകിയെങ്കിലും ഈ രേഖകളോ മറുപടിയോ ലഭ്യമായില്ല. മേൽ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-21 തനത് ഫണ്ട് അക്കൗണ്ടിന് നിയമാനുസൃത പലിശ ലഭിക്കുന്നില്ല.

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ (അക്കൗണ്ട് നം. 550602010013042), കേരള ബാങ്ക് (അക്കൗണ്ട് നം. 142810000000005), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-ഇ-പേയ്മെന്റ് (അക്കൗണ്ട് നം. 67394496318), ട്രഷറി LGTSB (അക്കൗണ്ട് നം.799013000000739) എന്നിവിടങ്ങളിലായാണ് നിക്ഷേപിച്ചിട്ടുള്ളത്. ഈ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഇതിൽ ഏറ്റവും കൂടുതൽ നിക്ഷേപമുള്ള കേരള ബാങ്കിൽ നിന്നും മാത്രം പലിശയിനത്തിൽ വരുമാനമൊന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. 2023 മാർച്ച് 31 ന് തന്നെ ₹63,63,182/- ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. കേരള ബാങ്കിൽ തന്നെയുള്ള ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി അക്കൗണ്ടിനും ഇതുപോലെതന്നെ പലിശ ലഭിക്കാത്ത സ്ഥിതിയുണ്ട്. കേരള ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ വിവരങ്ങൾ പ്രകാരം എല്ലാത്തരം സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്കും 4% നിരക്കിലുള്ള പലിശയാണ് ബാങ്ക് നൽകുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിരക്ക് പ്രകാരം വർഷാവസാന നീക്കിയിരുപ്പ് തുകക്ക് വർഷം 250000 രൂപയിലധികം പലിശയിനത്തിൽ മാത്രം ലഭിക്കേണ്ടതാണ്. എന്നാൽ ഈ അക്കൗണ്ടിന് ആദ്യമായി 26/03/2023 ൽ ₹1,45,096/- ബാങ്ക് പലിശ നൽകിയെങ്കിലും 31/03/2023 ൽ രണ്ട് തവണകളായി (₹43734/- & ₹101362/-) തെറ്റായി പലിശ നൽകിയെന്ന പേരിൽ ഈ തുക തിരികെ ഈടാക്കിയിട്ടുണ്ട്. ഇന്ത്യയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശപ്രകാരമുള്ള സേവനങ്ങൾ നൽകുന്നതിനും അക്കൗണ്ടുകൾക്ക് നിയമാനുസൃത പലിശ നൽകുന്നതിനും ബാധ്യതയുണ്ട്. കേരള ബാങ്കിന്റെ മറ്റ് ശാഖകളും ഗ്രാമപഞ്ചായത്തുകളുടെ തനത്ഫണ്ട് അക്കൗണ്ടുകൾക്ക് വർഷങ്ങളായി സേവിംഗ്സ് ബാങ്ക് പലിശ നൽകി വരുന്നുണ്ട്. എന്നാൽ മുളന്തുരുത്തി ശാഖയിൽ നിന്ന് പലിശ നൽകാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നാളിതുവരെയുള്ള പലിശയിനത്തിൽ മാത്രം ലക്ഷങ്ങളുടെ വരുമാനനഷ്ടം ഈ അക്കൗണ്ടിൽ നിന്ന് മാത്രം സംഭവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുളന്തുരുത്തി ശാഖയിൽ നിന്നും മാത്രം നാളിതുവരെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ നൽകാത്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും കേരള ബാങ്ക് ഹെഡ് ഓഫീസ് തലത്തിലോ ബാങ്കിംഗ് ഓംബുഡ്സ്മാൻ തലത്തിലോ പരാതി നൽകുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി (നം- 05 തീയതി 14/09/23). ഇതിന് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ മറുപടിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം തിരികെ ഈടാക്കിയ പലിശ 2023 ജൂലൈ മാസം നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാലും തനത് ഫണ്ട് അക്കൗണ്ട് തുടങ്ങിയത് മുതൽ ഇതുവരെയുള്ള പലിശയിനത്തിൽ വലിയ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഈ കുടിശ്ശിക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തനത് ഫണ്ടിൽ നിന്നും പഞ്ചായത്തിന്റെ വിവിധ ചെലവുകൾക്കുള്ള ഒരു നിശ്ചിത തുക നിലനിർത്തി ബാക്കി തുക നിശ്ചിത കാലയളവിലേക്ക് ഉയർന്ന പലിശ ലഭിക്കുന്ന ഏതെങ്കിലും സ്കീമിൽ നിക്ഷേപിക്കുന്നത് വഴി പലിശ ഇനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇതിനായി ഒരു നിശ്ചിത സംഖ്യ ഉയർന്ന പലിശ ലഭിക്കുന്ന നിക്ഷേപമായി മാറ്റുകയോ നിലവിലുള്ള സേവിംഗ്സ് അക്കൗണ്ടിനെ ഒരു നിശ്ചിത സംഖ്യക്ക് മുകളിൽ വരുന്ന തുക ഉയർന്ന പലിശയുള്ള വിഭാഗത്തിലേക്ക് ഓട്ടോമാറ്റിക്കായി മാറ്റുന്നതരം ഫ്ലെക്സി ഇനം അക്കൗണ്ടാക്കി മാറ്റുന്നതോ പരിഗണിക്കാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സാധ്യതകൾ പരിഗണിക്കുന്നത് വഴി ഈ അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് ഏകദേശം ഇരട്ടിയോളം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമാണുള്ളത്. നികുതിയേതര വരുമാനം

ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സാധ്യത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## 1-22 കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് -വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| പദ്ധതിയുടെ പേര് | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് | |
|---|---|---|
| പ്രോജക്ട് നം | 47/2023 | 188/23 |
| അടങ്കൽ തുക | 32,690/-(വികസനഫണ്ട്-ജനറൽ) | 12,900/-(വികസനഫണ്ട്-ജനറൽ) 70,750/-(തനത്ഫണ്ട്) |
| ചെലവു തുക | 32,690/-(വികസന ഫണ്ട്-ജനറൽ) | 12,900/-(വികസനഫണ്ട്-ജനറൽ) 70,750/-(തനത്ഫണ്ട്) |
| ബിൽ നം/തീയതി | TRN 221106000000001315/ 23.06.22 | TRN 221106000000006731/15.02.23 |

2022-23 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ആൽബിൻ എൽദോ,അലശക്കോടത്ത്,ആരക്കുന്നം, ജോൺപോൾ സുനിൽ,മനക്കോടത്ത് എന്നീ കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റൻസിനായി രണ്ട് പദ്ധതികൾ വഴി ₹116340/- കേരള സാമൂഹിക സുരക്ഷാമിഷൻ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക ചെലവഴിച്ചതിന്റെയോ മെയിന്റനൻസ് നടത്തിയതിന്റെയോ രേഖകളോ തുകയുടെ വിനിയോഗസാക്ഷ്യപത്രമോ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇതിനായി നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-07 തീയതി 15-09-23) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ പദ്ധതികൾക്ക് ചെലവഴിച്ച ₹ 116340/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കാരിക്കോട് ഗവ.യു.പി സ്കൂളിന് മോഡേൺ ഫർണീച്ചർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 43/23 |
| പ്രോജക്ടിന്റെ പേര് | കാരിക്കോട് ഗവ.യു.പി. സ്കൂളിന് മോഡേൺ ഫർണീച്ചർ |
| അടങ്കൽ | ₹71,811/-(വികസന ഫണ്ട്-ജനറൽ)<br>₹4,04,189/-(തനത് ഫണ്ട്) |
| ചെലവ്<br>ബിൽ.നം-തീയതി | ₹4,76,000/-<br>1)₹71,811/-BRN-300150161/25-5-22<br>2)₹4,04,189/-വൗച്ചർ നം.22200710/21-10-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |

മേൽ പ്രോജക്ട് പ്രകാരം ഫർണീച്ചർ വാങ്ങുന്നതിനായി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് "STAMPTEK CNC FABRICATIONS PVT.LTD" (കുറിഞ്ഞി, മീമ്പാറ പി.ഒ, പുത്തൻകുരിശ്) എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 70 സെറ്റ് ബെഞ്ചും ഡെസ്കുകളും മേൽ ബില്ലുകൾ പ്രകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ വാറന്റി സംബന്ധിച്ച് കരാർ വെച്ചിട്ടില്ല. ഈ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/15-9-23)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം കരാർ വെയ്ക്കാതിരുന്നതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-24 പുളിക്കമാലി എസ്.സി കോളനി പമ്പ് ഹൗസ് നവീകരണവും പുതിയ മോട്ടോർ സ്ഥാപിക്കലും വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് നല്കൽ-പണി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം | 204/23 |
| പ്രൊജക്ടിന്റെ പേര് | പുളിക്കമാലി എസ്.സി കോളനി പമ്പ് ഹൗസ് നവീകരണവും പുതിയ മോട്ടോർ സ്ഥാപിക്കലും – വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് നല്കൽ. |
| അടങ്കൽ | ₹3,93,123/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് ബിൽ.നം-തീയതി | ₹3,93,000/-<br>വൗച്ചർ നം.XVFC/2022-23/p/42 24-3-23. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം പുളിക്കമാലി എസ്.സി. കോളനി പമ്പ് ഹൗസ് നവീകരണവും പുതിയ മോട്ടോർ സ്ഥാപിക്കലും എന്ന പ്രവൃത്തിക്കായി 393000/- രൂപ കേരള വാട്ടർ അതോറിറ്റിയുടെ മൂവാറ്റുപുഴ ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം.14/15-9-23). പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 3,93,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ - കോണോത്തു പുഴ- വിവരങ്ങൾ കാലികമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം | S049/23 |
| പ്രൊജക്ടിന്റെ പേര് | സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ- കോണോത്തു പുഴ |
| അടങ്കൽ | ₹5,00,000/-(തനത് ഫണ്ട്) |
| ചെലവ് ബിൽ.നം-തീയതി | ₹3,54,243/-<br>വൗച്ചർ നം.22201220/15-2-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് പ്രകാരം കോണോത്ത് പുഴയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്ന പ്രോജക്ടിനായി ടെണ്ടർ നടപടിക്രമ പ്രകാരം "Garnet Computers" എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനായി ₹3,54,243/- തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 5-11-22 ൽ നടക്കാവ് കോലഞ്ചേരിക്കടവ് പാലം റോഡിന് ഇരുവശങ്ങളിലും 2 പോളിൽ 4 ക്യാമറ വീതവും പെരുമ്പിള്ളി മറ്റത്താം കടവ് പാലം റോഡിന് ഇരുവശങ്ങളിലും 2 പോളിൽ 4 ക്യാമറ വീതവും ആകെ 8 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 40 മീറ്റർ ദൂര പരിധി കണക്കാക്കിയാണ് ഇവ സ്ഥാപിച്ചിരിക്കുന്നത്. ഒരു വർഷം ആണ് വാറന്റി കാലാവധി.
ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ഇത്രയും തുക ചെലവഴിച്ചുവെങ്കിലും പദ്ധതിയുടെ തുടർനടത്തിപ്പ് സംബന്ധമായ കാര്യങ്ങളിൽ വ്യക്തത വരുത്തിയിട്ടില്ല. മാലിന്യം നിക്ഷേപിക്കുന്നത് പരിശോധിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും ആരെയെങ്കിലും ചുമതലപ്പെടുത്തിയ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. ക്യാമറയുടെ 24 X 7 നീരിക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായുള്ള ഇന്റർനെറ്റ് കണക്ടിവിറ്റി സംബന്ധിച്ച് പ്രശ്നങ്ങൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. മാലിന്യനിക്ഷേപം സംബന്ധിച്ച പരാതികൾ വരുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട ക്യാമറ ദൃശ്യങ്ങൾ പരിശോധിക്കുന്നതിനുമപ്പുറം നീരിക്ഷണ ക്യാമറ വിഷ്വലുകളും ബാക്ക് അപ്പും കൃത്യമായും സമയബന്ധിതമായും പരിശോധിക്കപ്പെടുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കാലികപ്രസക്തമായ ഇത്തരം പദ്ധതികളുടെ നിർവ്വഹണം തുക ചെലവഴിക്കുന്നതിൽ ഒതുങ്ങാതിരിക്കുവാൻ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

1-26 ടേക്ക് - എ - ബ്രേക്ക് പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല.

പൊതു ടോയ്‌ലറ്റുകളും ടെയ്ക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും - പദ്ധതിയിലുൾപ്പെടുത്തി പൊതു

ശുചിമുറികളുടെ നവീകരണവും നിർമ്മാണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് 27.7.2020 ലെ സ.ഉ.(സാധാ)നം. 1401/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യമായി പറഞ്ഞിട്ടുള്ളത് ഓരോ ഗ്രാമപഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ദേശീയ പാതയോരങ്ങൾ. വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ഒന്നും വീതം) നിർമ്മിക്കുക എന്നതാണ്. സമീപത്തെങ്ങും പൊതു വിശ്രമസ്ഥലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്ത്രീകൾക്ക് രാത്രികാലങ്ങളിലും സുരക്ഷിതമായും എളുപ്പത്തിലും ഉപയോഗിക്കാവുന്ന തരത്തിൽ പ്രധാന വാണിജ്യ കേന്ദ്രത്തിലോ, ബസ് സ്റ്റേഷനിലോ, ദേശീയ-സംസ്ഥാന പാതയോരങ്ങളിലോ ആയിരിക്കണം ശുചിമുറികൾ നിർമ്മിക്കേണ്ടത് എന്നും ഈ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2020 ഡിസംബർ 31 നകം നിർമ്മാണം പൂർത്തിയാക്കണം എന്ന സമയക്രമവും ഇതോടൊന്നിച്ച് നൽകിയിട്ടുണ്ട്.

2022-23 ഓഡിറ്റ് വർഷത്തിൽ മേൽ പദ്ധതിയിൽപ്പെടുത്തി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഒരു പ്രോജക്റ്റ് (പ്രോജക്റ്റ് നമ്പർ 41/23, 15/23 ടേക്ക് - എ - ബ്രേക്ക് - പഞ്ചായത്ത് പ്രദേശത്ത് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം)നടപ്പാക്കിയിട്ടുണ്ട്. ₹21,88,926/- അടങ്കലായി വിഭാവനം ചെയ്ത പദ്ധതിക്ക് വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റും, കേന്ദ്രാവിഷ്കൃത ഫണ്ടും ആണ് ഉപയോഗിച്ചിരിക്കുന്നത്. സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷം 728216/-രൂപയാണ് ആകെ ചെലവ് വന്നിട്ടുള്ളത്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിനത്തിൽ ഈ പ്രോജക്ടിനായി 1168046/- രൂപ തൻവർഷം ചെലവ് വന്നിട്ടുണ്ട്. കംപ്ലീഷൻ സർട്ടിഫിക്കറ്റോ മറ്റ് പൂർത്തീകരണ രേഖകളോ ഫയലിൽ ഇല്ല. ഈ പ്രോജക്ട് ഇപ്പോഴും നിർമ്മാണ ഘട്ടത്തിൽ ആണ് എന്നാണ് അറിയുവാൻ കഴിഞ്ഞത്. നിർമ്മാണ പ്രവർത്തനം നാളിതുവരെ ഏതുഘട്ടം വരെ എത്തി എന്നും ഈ പ്രോജക്ടിന്റെ നാളിതുവരെയുള്ള ചെലവ് വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രോജക്ട് എത്രയും വേഗം പൂർത്തികരിച്ച് വിവരം (ചെലവ് വിവരം സഹിതം) ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-27 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലേയ്ക്കും 10,000/-രൂപ വീതം 1,60,000/- രൂപ വൗച്ചർ നം : 22200326, തീ. 26-7-22 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി 2022-23 വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വറി (നം.10/15-9-23) നല്കിയതിന്റെ അടിസ്ഥാനത്തിൽ 5, 6, 7, 9, 10 എന്നീ 5 വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി 11 വാർഡുകളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനായി ചെലവഴിച്ച തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ (11x10,000) 1,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-28 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടപ്പാക്കിയ പദ്ധതികൾ- ചെലവുകളിൽ സുതാര്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (സാമൂഹികാരോഗ്യകേന്ദ്രം) നിർവ്വഹണ ഉദ്യോഗസ്ഥനായി 7 പദ്ധതികളാണ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ഏതാനും പദ്ധതികളുടെ ചെലവുകളിൽ സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് തുക നേരിട്ട് നൽകുന്നതിന് പകരമായി ആശുപത്രി വികസന സമിതി, പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി, മെഡിക്കൽ ഓഫീസർ എന്നിവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പദ്ധതിപ്പണം ട്രാൻസ്ഫർ ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ തുക പണമായി പിൻവലിച്ച് ബന്ധപ്പെട്ട

സ്ഥാപനങ്ങൾക്ക് നല്കുന്നുണ്ട് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ ഇതിന് തെളിവുകൾ ഒന്നും ഹാജരാക്കിയില്ല. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളും കണ്ടിജന്റ് വൗച്ചറുകളും പ്രകാരം ഭക്ഷണച്ചെലവുകൾ ഉൾപ്പടെയുള്ള ഇനങ്ങൾക്ക് ബാങ്ക് ട്രാൻസ്ഫർ വഴി തുക കൈമാറിയിട്ടുള്ള സ്ഥാപനങ്ങൾക്കുപോലും ഈ പദ്ധതികളിൽ നിന്നും പണമായി തുക നൽകിയാതാണ് അറിയിച്ചിട്ടുള്ളത്. ഈ ചെലവുകളിൽ യഥാർത്ഥ വിതരണക്കാർക്കോ സ്ഥാപനങ്ങൾക്കോ തുക കൈമാറിയിട്ടുണ്ടോ, എത്ര തുക, എന്നാണ് നൽകിയത് എന്നീ കാര്യങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയിൽ നിന്നും പണം കൈമാറിയ ആശുപത്രി വികസന സമിതി, പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി എന്നിവയിൽ മറ്റ് സാമ്പത്തിക ഇടപാടുകളും നടക്കുന്നതിനാൽ ഇവയുടെ ഒരേസമയമുള്ള പരിശോധന വഴി മാത്രമേ ഇടപാടുകളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. ബാങ്ക് അക്കൗണ്ടുകൾ സാർവ്വത്രികവും ബാങ്ക് ഇടപാടുകൾ വേഗത്തിലും വളരെ അനായാസമായും സാധ്യമാകുന്ന സമയത്ത് വലിയ തുകകൾ പണമായി കൈമാറുന്നത് സർക്കാർ ഉത്തരവുകൾക്കും [കേരള പഞ്ചായത്ത് രാജ്(അക്കൗണ്ടിംഗ്)ചട്ടം 2011, ചട്ടം 34(4),(5) & ജി.ഒ.(പി)177/2006/fin Dtd 12.04.2006, 8.1, 8.2 & 8.3] റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾക്കും എതിരാണ്. വിതരണക്കാർക്ക് നേരിട്ട് തുക കൈമാറാത്ത ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | ചെലവിനം | ബിൽ തുക | തുക കൈമാറിയ വ്യക്തി / സ്ഥാപനം |
|---|---|---|---|---|
| 109/23 | ക്യാൻസർ നിർണ്ണയ ക്യാമ്പ് | ലാബ് ചാർജ്ജസ്, സ്റ്റേജ് & ഡെക്കറേഷൻ, ഭക്ഷണം | ₹57,050/- | മെഡിക്കൽ ഓഫീസർ |
| 174/23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ | ലാബ് ഉപകരണങ്ങൾ, റീജന്റുകൾ & ഭക്ഷണം | ₹82,325/- | ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി |
| 11/23 | പാലിയേറ്റീവ് കെയർ | വാഹന റിപ്പയർ & സ്പെയർ പാർട്സ്, ഇന്ധനം, സ്റ്റേഷനറി, സ്റ്റേജ്&ഡെക്കറേഷൻ ഭക്ഷണം Etc. | ₹1,43,735/- | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി |

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-8 തീയതി 15-09-2023) ലഭ്യമാക്കിയ മറുപടിയിൽ ചില ചെലവുകൾക്ക് മുൻകൂർ പണം നൽകേണ്ടിവന്നതിനാലാണ് മെഡിക്കൽ ഓഫീസറുടെ പേരിൽ തുക റീ ഇമ്പേഴ്സ് ചെയ്യുന്നതെന്നാണ് അറിയിച്ചത്. എന്നാൽ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ അക്കൗണ്ട് വഴി പണം കൈമാറിയ സ്ഥാപനങ്ങൾക്കും ഈ പദ്ധതികളിൽ പണമായി തുക നൽകിയിട്ടുണ്ട്. പദ്ധതികൾക്കായി ചെലവഴിക്കപ്പെടുന്ന തുകയുടെ സുതാര്യത ഉറപ്പാക്കുന്നതിന് സാധ്യമായ എല്ലാ ചെലവുകളും ബാങ്ക് അക്കൗണ്ട് മുഖേന മാത്രം നടത്തുന്നതിനും ബന്ധപ്പെട്ട ഗുണഭോക്താവിന് തുക ലഭിച്ചത് ഉറപ്പാക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ഹരിതകർമ്മസേനക്ക് ട്രോളി വിതരണം-വാങ്ങൽ നടപടികളിലെ അപാകങ്ങൾ

| | | |
|---|---|---|
| പദ്ധതി | ഹരിതകർമ്മസേനക്ക് ട്രോളി വിതരണം (പ്രോജക്റ്റ് നം-23/23) | |
| അടങ്കൽ | ₹3,40,000/- (വികസനഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്-2,38,000, തനത് ഫണ്ട്-34,500 & ഗുണഭോക്തൃവിഹിതം ₹ 67,500) | |
| ചെലവ് | ₹2,36,096/-(വികസനഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്-1,65,267/- & തനത് ഫണ്ട്-3,329, ഗുണഭോക്തൃവിഹിതം-₹67,500/-) | 1)വൗച്ചർ നം-XVFC /2022-23/P 46 Dtd. 18.02.23 – 1,65,267 -*Cheque 121251 Dtd 12/*01/23 ₹ 67,500/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പെരുമ്പിള്ളി സർക്കിൾ | |

ഗ്രാമപഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് ഹരിതകർമ്മസേനക്ക് ട്രോളി വാങ്ങുന്നതിനായി നടപ്പാക്കിയ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതുപ്രകാരം (ടെണ്ടർ നോട്ടീസ് നമ്പർ VEO/T/01/22 Dtd.02/02/2022) 4 സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിൽ "പൂജ എഞ്ചിനീയറിംഗ് വർക്ക്സ്" പെരുമ്പടപ്പ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും ഒന്നിന് ₹13,888/- നിരക്കിൽ 17 ട്രോളികളാണ് ₹236096/- ചെലവഴിച്ച് പദ്ധതിക്കായി വാങ്ങിയത്. ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന സ്പെസിഫിക്കേഷനിലുള്ള ട്രോളിക്ക് വിവിധ സ്ഥാപനങ്ങൾ ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | പൂജ എഞ്ചിനീയറിംഗ് വർക്ക്സ് | ₹ 13,888/- |
| 2 | ക്യാപിറ്റൽ വൺ ട്രേഡിംഗ് | ₹ 13,249/- |
| 3 | ജിംകോ എക്സിം & ട്രേഡ് പ്രൈവറ്റ് ലിമിറ്റഡ് | ₹ 15,499/- |
| 4 | ജെയ്സൺ ഇംപെക്സ് | ₹ 12,000/- (Light) |
| | | ₹14,299/-(medium) |
| | | ₹ 21,199/- (Heavy) |

പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ ഷെഡ്യൂൾ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് ജെയ്സൺ ഇംപെക്സ് എന്ന സ്ഥാപനമാണ്. 24/03/2022 ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റി ട്രോളിയുടെ സാമ്പിൾ ഹാജരാക്കിയത് പരിശോധിക്കുകയും നൽകിയ സ്പെസിഫിക്കേഷൻ പ്രകാരമല്ലെങ്കിലും ഗുണമേന്മയുള്ളതെന്ന് വിലയിരുത്തി "പൂജ എഞ്ചിനീയറിംഗ്" എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് 24/03/2022 ൽ തന്നെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയും (തീരുമാന നമ്പർ -1/4 തീയതി 24/03/2022). ഇതനുസരിച്ച് സപ്ലൈ ഓർഡർ നൽകിയത് പ്രകാരം സ്ഥാപനം 14/11/2022 ൽ 24, 25 -ാം നമ്പർ ഇൻവോയ്സുകൾ പ്രകാരം 17 ട്രോളികൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലെ വാങ്ങൽ നടപടി ക്രമങ്ങളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01. ഈ പദ്ധതിക്ക് ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും ഉയർന്ന രണ്ടാമത്തെ നിരക്കായിരുന്നു കരാർ നല്കിയ സ്ഥാപനത്തിന്റേത്. പദ്ധതിക്ക് ആവശ്യമായ വ്യക്തമായ സ്പെസിഫിക്കേഷൻ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നതിനാൽ തന്നെ ലഭിച്ച കുറഞ്ഞ നിരക്കുകളും സ്പെസിഫിക്കേഷനും തന്നെ ഒഴിവാക്കി സ്ഥാപനം രേഖപ്പെടുത്തിയിരുന്ന ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയത് സാധൂകരിക്കുന്ന രേഖകളോ പരിശോധന റിപ്പോർട്ടുകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

02. ടെണ്ടർ നോട്ടീസ് (നമ്പർ VEO/T/01/22 Dtd.02/02/2022) പ്രകാരമുള്ള ടെണ്ടർ നിബന്ധനകളിൽ ഉത്പന്നത്തിന്റെ സാമ്പിൾ പരിശോധനക്ക് ഹാജരാക്കണമെന്ന നിബന്ധനയുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സാമ്പിൾ ഹാജരാക്കിയത് മാത്രം നേരിൽ പരിശോധിച്ച് സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത ഉത്പന്നം ഗുണമേന്മയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് വാങ്ങിയതിന് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല.

03) വാങ്ങുന്ന ഉത്പന്നത്തിന്റെ സാങ്കേതിക വശങ്ങളും ഗുണമേന്മയും ഈ മേഖലയിലെ സാങ്കേതിക വിദഗ്ധരാണ് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതെന്നിരിക്കെ അതിന് ക്ഷമതയുള്ളവരുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഇതില്ലാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി ഗുണമേന്മയുടെ മാത്രം അടിസ്ഥാനത്തിൽ ശിപാർശ നൽകിയത് സാധൂകരിക്കുന്ന വിവരങ്ങളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/16.09.23) നൽകി. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുറമേ ഈ വിഷയം എക്സിറ്റ് മീറ്റിംഗിലും പരാമർശിച്ചിരുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകുന്ന ട്രോളി വാങ്ങുന്നതിന് കൃത്യമായ ഒരു സ്പെസിഫിക്കേഷൻ ലഭ്യമായിരുന്നില്ലെന്നും പൊതുവായ മാനദണ്ഡങ്ങൾ പ്രകാരമാണ് സ്പെസിഫിക്കേഷൻ പരസ്യപ്പെടുത്തിയതെന്നും ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങൾക്കും ക്വാട്ട് ചെയ്ത ഉത്പന്നത്തിന്റെ സാമ്പിൾ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നതായും ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും ഹാജരാക്കിയ സാമ്പിളുകൾ പ്രൊക്യൂമെന്റ് കമ്മിറ്റി നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുകയും നിർമ്മാണത്തിന് ഉപയോഗിച്ച വസ്തുക്കളുടെ ഗുണമേന്മ, ഈടുനിൽപ്പ്, ഗ്രാമപഞ്ചായത്തിലെ നിരപ്പല്ലാത്ത ഉയർന്ന വഴികളിൽ കൂടിയും ഉപയോഗിക്കാൻ സാധിക്കുന്ന രൂപകൽപ്പന, കൂടുതൽ സാധനങ്ങൾ ശേഖരിക്കാനുള്ള സൗകര്യം എന്നിവ താരതമ്യം നടത്തിയാണ് വാങ്ങൽ നടത്തിയതെന്നും മാർച്ച് മാസം അവസാനമായതിനാൽ പുറമേ നിന്നുള്ള ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സാധിച്ചില്ലായെന്നും ട്രോളി ഹരിതകർമ്മസേന ഫലപ്രദമായി ഉപയോഗിച്ചുവരുന്നതായും യോഗത്തിൽ മറുപടി നൽകിയിട്ടുണ്ട്. വാങ്ങലുകൾ കൃത്യമായും സുതാര്യമായും നടത്തുന്നതിന് പ്രൊക്യൂമെന്റ് മാന്വൽ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങളും സർക്കാർ ഉത്തരവുകളും അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിനും ഫയലുകളിൽ ഇവക്കനുസൃതമായ എല്ലാ രേഖകളും ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കാരിക്കോട് സാംസ്കാരിക നിലയവും വനിത ട്രെയിനിങ്ങ് സെന്ററും പണിയുന്നതിനായി തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം | 208/23 |
| പ്രൊജക്ടിന്റെ പേര് | കാരിക്കോട് സാംസ്കാരിക നിലയവും വനിത ട്രെയിനിങ്ങ് സെന്ററും പണിയുന്നതിനായി തുക കൈമാറൽ |
| അടങ്കൽ | 700000/-(വികസന ഫണ്ട്-ജനറൽ)<br>515724/-(എസ്.സി.പി ഫണ്ട്) |
| ചെലവ്<br>ബിൽ.നം – തീയതി | 1116877/-<br>1)700000/-,(TRN-221101000000033679/28-3-23)<br>2)416877/-(TRN-221101000000033525/28-3-23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പ്രോജക്ട് പ്രകാരം കാരിക്കോട് സാംസ്കാരിക നിലയവും വനിത ട്രെയിനിങ്ങ് സെന്ററും പണിയുന്നതിനായി ₹1116877/- ജില്ലാ പഞ്ചായത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് നടപ്പിലാക്കിയോ എന്ന വിവരവും ഇതിന്റെ വിനിയോഗസാക്ഷ്യപത്രവും നിലവിൽ വനിത ട്രെയിനിങ്ങ് സെന്റർ പ്രവർത്തനം ആരംഭിച്ചോ എന്നുള്ള വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22എ/17-9-23) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചു. വനിത ട്രെയിനിങ്ങ് സെന്റർ പ്രവർത്തനം ആരംഭിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുകയായ ₹1116877/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ഐ.കെ.എം വിഹിതം അടവാക്കൽ-ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം | 69/23 |
| പ്രൊജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം അടവാക്കൽ |
| അടങ്കൽ | ₹3,00,161/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ്<br>ബിൽ.നം-തീയതി | ₹70,000/-(TRN-22110600000000/29-9-22) |

ടി പ്രോജക്ട് പ്രകാരം 70,000/-രൂപ ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതമായി മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ടി പ്രോജക്ടിന് നല്കിയ തുകയായ 70,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 എസ്.എസ്.കെ. വിഹിതം അടവാക്കൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | 76/23 |
| പ്രൊജക്ടിന്റെ പേര് | എസ്.എസ്.കെ. വിഹിതം അടവാക്കൽ |
| അടങ്കൽ | ₹11,96,078/-(വികസന ഫണ്ട്-ജനറൽ)<br>₹2,00,000/- (തനത് ഫണ്ട്) |
| ചെലവ്<br>ബിൽ.നം-തീയതി | ₹2,00,000/-(തനത് ഫണ്ട്)<br>വൗച്ചർ നം.22200600/25-9-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ. യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2022-23 ലെ മൊത്തം പ്രവർത്തന കലണ്ടറും 2022-23 -ൽ തുക വിനിയോഗിച്ചു എന്ന കൈപ്പറ്റുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി ഫയലിൽ കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ. യ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. 2022-2023ലെ വിശദമായ വിനിയോഗ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-33 ഗവ.ഹോമിയോ ഡിസ്പെൻസറി - മരുന്ന് വാങ്ങിയത് - പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്<br>ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ,<br>(S0206/23, S0003/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി, മുളന്തുരുത്തി. |
| അടങ്കൽ | ₹3,50,000/-(1,00,000+2,50,000) രണ്ട് പ്രോജക്ടുകൾ |
| ചെലവ് | ₹1,00,000/-<br>(BRN 22110652008701375433 Dated 16/03/23)(Managing Director, HOMCO, Pathirapally P.O., Alappuzha) |

| | |
|---|---|
| | (Treasury Reference Number 22110600000007677 Dated 17/03/23)<br>₹2,50,000/-<br>(BRN 22110652008700457953 Dated 23/08/22)<br>(Managing Director, HOMCO, Pathirapally P.O., Alappuzha)<br>(Treasury Reference Number 22110600000002711 Dated 26/08/22) |

മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഗവ.ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്ന പദ്ധതിക്കായി ₹350000/- സാമ്പത്തികവർഷം ചെലവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 82361/- രൂപയുടെ മരുന്ന് മാത്രം ലഭിച്ചതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ₹267639/- വിലവരുന്ന മരുന്ന് ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. ലഭിച്ച മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നമ്പർ | ടാക്സ് ഇൻവോയ്സ് നമ്പർ,തീയതി | തുക | ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില |
|---|---|---|---|
| 1 | LF-182 Dated 05/06/23 | ₹82,361/- | |
| ആകെ | | ₹82,361/- | ₹2,67,639/- |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/16-9-23) മറുപടി ലഭിച്ചില്ല. ആയതിനാൽ ഹോംകോയിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വിലയായ ₹2,67,639/- തടസ്സത്തിൽ വെക്കുന്നു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ബയോബിൻ വിതരണം - വാങ്ങൽ നടപടികൾ സുതാര്യമല്ല.

| | | |
|---|---|---|
| പദ്ധതി | ബയോബിൻ വിതരണം<br>(പ്രോജക്ട് നം-83/23) | |
| അടങ്കൽ | ₹423320/- (വികസനഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്-389088 & ഗുണഭോക്തൃവിഹിതം ₹ 43232) | |
| ചെലവ് | ₹432055/-(വികസനഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്-388849 & ഗുണഭോക്തൃവിഹിതം-₹43206/-) | 1)വൗച്ചർ നം- XVFC/2022-23/P 46 Dtd. 30.03.23 - 373193 - *Cheque 122578 Dtd 31*/03/23 ₹ 43206/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പെരുമ്പിള്ളി | |

ഗ്രാമപഞ്ചായത്തിലെ മാലിന്യനിർമ്മാജ്ജനം ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതിക്കായി ഇ-ടെണ്ടർ ക്ഷണിച്ചതുപ്രകാരം 6 സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിൽ സാന്റ പോളിമേഴ്സ്, ടി.വി പുരം, വൈക്കം, കോട്ടയം എന്ന സ്ഥാപനം നൽകിയ ബയോബിന്നാണ് പദ്ധതിക്കായി വാങ്ങിയത്. ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന സ്പെസിഫിക്കേഷനിലുള്ള ബയോബിന്നിന് വിവിധ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ. | ₹ 1,985/- |
| 2 | റാംബയോളജിക്കൽസ് | ₹ 1,597/- |
| 3 | സാന്റ പോളിമേഴ്സ് | ₹ 1,485/- |
| 4 | ശുദ്ധി വേസ്റ്റ് കൺവേർഷൻ യൂണിറ്റ് | ₹ 1,480/- |
| 5 | ഒല്ലോസ് ബയോടെക് | ₹ 1,450/- |

| | | |
|---|---|---|
| 6 | റെയ്ഡ്കോ, കേരള | ₹ 1,095/- |

പദ്ധതി ഫയൽ പരിശോധിച്ചതിൽ ഇ-ടെണ്ടർ ഷെഡ്യൂൾ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് റെയ്ഡ്കോയാണ്. 20/03/2023 ൽ കൂടിയ പ്രൊക്യൂർമെന്റ് കമ്മിറ്റി അന്ന് സാമ്പിൾ ഹാജരാക്കിയ 3 സ്ഥാപനങ്ങളുടെ നിരക്ക് പരിശോധിക്കുകയും ഗുണമേന്മയുള്ളതെന്ന് വിലയിരുത്തി സാന്റ് പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കരാർ നേടിയ സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിലും 40/- രൂപ കുറച്ച് സപ്ലൈ ചെയ്യാമെന്നറിയിച്ചതായുള്ള ഒരു കത്ത് ഫയലിൽ ഹാജരാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് ലെറ്റർഹെഡും സീലുമെല്ലാം ഉണ്ടായിരിക്കെ വെള്ള പേപ്പറിൽ സ്ഥാപനത്തിന്റെ സീലോ, പേരോ, തീയതിയോ രേഖപ്പെടുത്താതെയുള്ള കത്താണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി ഈ സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് തീരുമാനം എടുത്തത് 30/03/2023 ലാണ്. (തീരുമാന നമ്പർ -1/3 തീയതി 30/03/2023). സപ്ലൈ ഓർഡർ നൽകിയത് പ്രകാരം സ്ഥാപനം 25/03/2023 ൽ 66-ാം നമ്പർ ഇൻവോയ്സ് പ്രകാരം 299 എണ്ണം ബയോബിന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലെ വാങ്ങൽ നടപടി ക്രമങ്ങളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01) ഈ പദ്ധതിക്ക് ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും താഴ്ന്ന നാലാമത്തെ നിരക്കായിരുന്നു കരാർ നല്കിയ സ്ഥാപനത്തിന്റേത്. പദ്ധതിക്കായി വാങ്ങിയതിലും കുറഞ്ഞ നിരക്കുകൾ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ അവ ഒഴിവാക്കി സ്ഥാപനം രേഖപ്പെടുത്തിയിരുന്ന ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തിയത് സാധൂകരിക്കുന്ന രേഖകളോ പരിശോധനാ റിപ്പോർട്ടുകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

02) ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ അടങ്ങുന്ന ടു ടയർ ടെണ്ടർ സമ്പ്രദായത്തിൽ ആദ്യം ടെക്നിക്കൽ ബിഡ് ഇവാല്യുവേഷൻ നടത്തി തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളുടെ മാത്രം ഫിനാൻഷ്യൽ ബിഡ് പരിശോധിക്കുകയാണ് വേണ്ടിയിരുന്നത്. എന്നാൽ ഇവിടെ 20/03/2023 ൽ പ്രൊക്യൂർമെന്റ് കമ്മിറ്റി നിരക്കുകൾ പരിശോധിച്ച് ശുപാർശ നൽകുകയും 30/03/2023 ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത ശേഷം അടുത്ത സാമ്പത്തിക വർഷം (03/04/23ൽ) മാത്രമാണ് ടെക്നിക്കൽ ബിഡ് ഇവാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത്.

03)ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനവുമായാണ് നെഗോസിയേഷൻ നടത്തുന്നത്. ഇവിടെ കുറഞ്ഞ നിരക്കുള്ള മറ്റ് സ്ഥാപനങ്ങളുമായി നടത്താതെ കുറഞ്ഞ നാലാമത്തെ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനവുമായി മാത്രം നെഗോസിയേഷൻ നടത്തിയത് എന്തുകൊണ്ട് എന്ന് വ്യക്തമല്ല. കരാർ നേടിയ സ്ഥാപനത്തിന് ലെറ്റർഹെഡും സീലുമെല്ലാം ഉണ്ടായിരിക്കെ വെള്ള പേപ്പറിൽ സ്ഥാപനത്തിന്റെ സീലോ, പേരോ, തീയതിയോ രേഖപ്പെടുത്താതെയുള്ള കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കരാർ നൽകിയത് വിശദീകരിക്കപ്പെട്ടിട്ടില്ല.

04)ടെണ്ടർ നിബന്ധനകളിൽ സാമ്പിൾ ഹാജരാക്കണമെന്ന നിബന്ധനയുള്ളതായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സാമ്പിൾ ഹാജരാക്കിയ സ്ഥാപനങ്ങളുടെ ഉത്പന്നം മാത്രം ഗുണമേന്മയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് വാങ്ങൽ നടത്തിയതുമൂലം ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾക്ക് ഈ അവസരം ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്.

05) വാങ്ങുന്ന ഉത്പന്നത്തിന്റെ സാങ്കേതിക വശങ്ങളും ഗുണമേന്മയും സാങ്കേതിക വിദഗ്ധരാണ് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതെന്നിരിക്കെ അതിന് ക്ഷമതയുള്ളവരുടെ റിപ്പോർട്ടില്ലാതെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തിയത് സാധൂകരിക്കുന്ന വിവരങ്ങളൊന്നും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

06) ശുചിത്വ മിഷൻ സാങ്കേതികാനുമതി പ്രകാരം ലഭ്യമാക്കിയ സ്പെസിഫിക്കേഷൻ പ്രകാരം നടത്തിയ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്കുകൾ ലഭ്യമായത് പരിഗണിക്കാതെ വാങ്ങിയതിന് ശേഷം മാത്രമാണ്

സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളത് (തീരുമാന നമ്പർ -1/3 തീയതി 30/03/2023). എന്നാൽ ബിൽ പ്രകാരം സ്ഥാപനം 25/03/2023 ൽ തന്നെ സാധനങ്ങൾ വിതരണം നടത്തുകയും 30/03/2023ൽ ബിൽ തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ഈ വൈരുദ്ധ്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-15 തീയതി 15-09-2023) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി സാമ്പിൾ ഹാജരാക്കുന്നതിന് എല്ലാ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടിരുന്നതായും എല്ലാ സ്ഥാപനങ്ങളും ഹാജരാക്കിയ സാമ്പിളുകൾ നേരിട്ട് പരിശോധിച്ചതിന്റെയും സമാന ഉത്പന്നം വാങ്ങിയ മറ്റ് തദ്ദേശസ്ഥാപനങ്ങളുടെ അഭിപ്രായം കൂടി തേടിയ ശേഷമാണ് ഉത്പന്നം തെരഞ്ഞെടുത്തതെന്നും സാങ്കേതിക വിദഗ്ധരുടെ അഭിപ്രായം കൂടി ഉൾക്കൊള്ളിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിലെ പദ്ധതികൾ വഴി ഗ്രാമപഞ്ചായത്തിൽ നൽകിവന്നിരുന്ന ബയോബിന്നുകളിൽ കണ്ടുവന്നിരുന്ന വേസ്റ്റ് നീക്കം ചെയ്യുന്നതിലുള്ള പോരായ്മ പരിഹരിക്കുന്ന വിധം അഡീഷണൽ ട്രേ കൂടി വാങ്ങിയ മോഡലിന് ഉണ്ടായിരുന്നതിനാലാണ് ഇത് വാങ്ങിയത് എന്ന് എക്സിറ്റ് യോഗത്തിൽ ബഹു:ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അറിയിച്ചു. സാമ്പത്തിക വർഷാവസാന ആഴ്ചയായതിനാൽ പദ്ധതിപ്പണം ലാപ്സാക്കാൻ സാധിക്കാത്ത സ്ഥിതിയിൽ മറ്റ് നടപടി ക്രമങ്ങൾക്കുള്ള സമയം ലഭ്യമല്ലാതിരുന്നെന്നും ചൂണ്ടിക്കാണിച്ച പോരായ്മകൾ വരും പദ്ധതികളിൽ പരിഹരിക്കുമെന്നും പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും കൃത്യമായി പാലിച്ച് ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 കരുതൽ - വയോജനങ്ങൾക്കായുള്ള മാനസിക ആരോഗ്യ പദ്ധതി.

| | |
|---|---|
| പ്രോജക്ട് നം. | 165/23 |
| പ്രോജക്ടിന്റെ പേര് | കരുതൽ – വയോജനങ്ങൾക്കായുള്ള മാനസിക ആരോഗ്യ പദ്ധതി. |
| അടങ്കൽ | 100000/-(തനത് ഫണ്ട്) |
| ചെലവ് | 23280/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആയുർവേദ മെഡിക്കൽ ഓഫീസർ |

ഗ്രാമപഞ്ചായത്തിലെ തുരുത്തിക്കര ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിൽ ചികിത്സക്കായി എത്തുന്ന വയോജനങ്ങളിൽ മാനസിക ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർക്ക് മാനസിക ആരോഗ്യവിദഗ്ധന്റെ സഹായത്തോടെ കൗൺസിലിങ്, ചികിത്സ എന്നിവ നൽകുന്നതിലൂടെ വയോജനങ്ങളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പ്രോജക്ട് ഗ്രാമപഞ്ചായത്തിൽ വളരെ നല്ല രീതിയിൽ നടന്നുവരുന്നു. നിലവിലെ സാഹചര്യങ്ങളിൽ വയോജനങ്ങൾക്ക് വളരെ അധികം പ്രയോജനപ്പെടുന്ന ഒരു പ്രോജക്ടാണിത്.

## 1-36 നൈപുണ്യ വികസനം-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | 138/23 |
| പ്രൊജക്ടിന്റെ പേര് | നൈപുണ്യ വികസനം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 48000/-<br>(തനത് ഫണ്ട്) |
| ചെലവ് | 48000/-<br>വൗച്ചർ നമ്പർ-22201291/16-2-23 |

ജില്ലാ ആസൂത്രണ സമിതി നിർദ്ദേശ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭ്യമാക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രൊജക്ട് ഏറ്റെടുക്കുകയും 10 ദിവസത്തെ പരിശീലന പരിപാടി IHRD യുടെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ.തീയതി 28.5.22,ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ആരാഞ്ഞപ്പോൾ നിർബന്ധമായും ഏറ്റെടുക്കേണ്ട പ്രൊജക്ട് ആണെന്ന ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം ഏറ്റെടുത്ത പ്രോജക്ടാണ് എന്നാണ് അറിയിച്ചത്. സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ല കംപ്യൂട്ടർ പരിശീലന പരിപാടി നടത്തിയത് എന്നതിനാൽ പ്രൊജക്ടിലെ ചെലവ് തുക 48000/-രൂപ തടസപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി നടപ്പിലാക്കിയ പ്രൊജക്ട് ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചു.

സാം ഇട്ടൂപ്പ്, ബീന ഇട്ടൂപ്പ്, തുകലൻ കാച്ചാപ്പിള്ളിൽ, മുളന്തുരുത്തി എന്നിവരുടെ ഉടമസ്ഥതയിലുള്ള 1/455/B, 1/455/C കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി തൻവർഷം കെട്ടിടനമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കുന്നുണ്ട് (സഞ്ചയയിൽ സൈൻ ചെയ്തത് - 4-3-2023). അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതി ഉള്ള മുളന്തുരുത്തി - ചോറ്റാനിക്കര റോഡിൽ നിന്നും പ്രവേശനമുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതിയിൽ 20% വർദ്ധനവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ഈ വർദ്ധനവ് നൽകിയിട്ടില്ല. 1.5 മീറ്ററിൽ കൂടുതൽ വീതി ഉള്ള പ്രൈവറ്റ് റോഡ് എന്ന് സഞ്ചയയിൽ സെലക്ട് ചെയ്താണ് വസ്തുനികുതി നിർണ്ണയിച്ചത്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6.1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് നൽകാൻ പാടില്ല. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 20-09-2011 ലെ പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 7, 8, 9, 10, 11, 12, 13, 14, 15, 16വാർഡുകളിലെ കെട്ടിടങ്ങളെ പ്രഥമ മേഖലയിലും 5, 6 വാർഡുകളിലെ കെട്ടിടങ്ങൾ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 1-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട മേൽ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്.

ആയതിനാൽ താഴെ ചേർത്ത പ്രകാരം വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച് ഈടാക്കുന്ന വസ്തുനികുതി | ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 1/455/B | 83.85 | 4192.5 - 419.25 (മേഖല 10% ഇളവ്) - 419.25 (മേൽക്കൂര 10% ഇളവ്) = 3354/- | 4192.5 - 419.25 (മേൽക്കൂര 10% ഇളവ്) + 838.5 (വഴി സൗകര്യം 20 % വർദ്ധനവ്) = 4612 | 1258/- |
| 1/455/C | 60.72 | 3036 - 303.6 (മേഖല 10% ഇളവ്) - 303.6 (മേൽക്കൂര 10% ഇളവ്) = 2429/- | 3036 - 303.6 (മേൽക്കൂര 10% ഇളവ്) + 607.2 (വഴി സൗകര്യം 20 % വർദ്ധനവ്)= 3340/- | 911/- |
| ആകെ കുറവ് | | | | 2169/- |

വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/15-9-2023) മറുപടി ലഭ്യമായില്ല. കുറവ് വന്ന തുക കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 2-2 മേഖല ഇനത്തിൽ അനർഹമായി വസ്തുനികുതി ഇളവ് നൽകി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6.1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 20-09-2011 ലെ പഞ്ചായത്ത് കമ്മിറ്റി 1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 7, 8, 9, 10, 11, 12, 13, 14, 15, 16വാർഡുകളിലെ കെട്ടിടങ്ങളെ പ്രഥമ മേഖലയിലും 5, 6 വാർഡുകളിലെ കെട്ടിടങ്ങൾ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സഞ്ചയ Form 6, Assessment Details എന്നിവ പ്രകാരം ചില കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ടവയെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | തറ വിസ്തീർണ്ണം (ച.മീ) | ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നിർണ്ണയിച്ച് ഈടാക്കുന്ന വാർഷിക വസ്തുനികുതി | സഞ്ചയയിൽ സൈൻ ചെയ്തത് | പ്രഥമ മേഖലയിൽ ഉൾപ്പെടുത്തി നിർണ്ണയിക്കേണ്ട വസ്തുനികുതി | 2022 രണ്ടാം അർദ്ധ വർഷം വരെ അനുവദിച്ച ഇളവ് |
|---|---|---|---|---|---|---|---|---|
| 1 | 4/92/A | സന്തോഷ്. കെ.എസ് ആന്റൻ.എ.പി റെനീഷ്. എ.ആർ, റിയൽ ഗ്ലാസ്സ് ആന്റ് പ്ലൈവുഡ്സ്, എരൂർ,, എരൂർ.പി.ഒ, | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 245.86 | 12293 - 1229.3 (മേഖല 10% ഇളവ്) - 1229.3 (മേൽക്കൂര 10% ഇളവ്) + 2458.6 (വഴി സൌകര്യം 20% വർദ്ധനവ്) = 12293 | 15-6-2022 | 12293 - 1229.3 + 2458.6 = 13523 | 1230 |
| 2 | 3/466/B | ഷീബ പോൾ, വെട്ടോളിൽ വീട്, മുളംന്തുരുത്തി, മുളന്തുരുത്തി | പാർപ്പിടാവശ്യം | 177.52 | 1065.12 - 106.512 (മേഖല 10% ഇളവ്) = 959 | 20-6-2022 | 1065.12 (1066 റൗണ്ട് ചെയ്തത്) | 107 |
| 3 | 3/466/C | അജയൻ കെ ആർ, | പാർപ്പിടാവശ്യം | 243.87 | 1463.22 - 146.322 | 16-2-2023 | 1463.22 (1464 റൗണ്ട് ചെയ്തത്) | 147 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | കവിത പി കെ, കാലായിൽ, മുളന്തുരുത്തി | | | (മേഖല 10% ഇളവ്) = 1317 | | | |
| 4 | 8/93/B | സിമി ചാക്കോ And ജോൺ ജെഫി ഈശോ, ഈട്ടിമൂട്ടിൽ ഹൌസ്, മുളന്തുരുത്തി | പാർപ്പിടാവശ്യം | 226.74 | 1360.44 - 136.04 (മേഖല 10% ഇളവ്) + 272.088 (വഴി സൌകര്യം 20% വർദ്ധനവ്) = 1497 | 24-5-2022 | 1360.44 + 272.088 = 1633 | 136 |
| 5 | 8/177/B | ജോൺ, ഞാളിയത്ത് വീട്, തുരുത്തിക്കര, പൈങ്ങാരപ്പിള്ളി | പാർപ്പിടാവശ്യം | 78.55 | 471.3 - 47.13 (മേഖല 10% ഇളവ്) - 47.13 (മേൽക്കൂര 10% ഇളവ്) + 94.26 (വഴി സൌകര്യം 20% വർദ്ധനവ്) = 472 | 21-6-2022 | 471.3 - 47.13 + 94.26 = 519 | 47 |
| 6 | 8/184/C | ഇന്ദുലേഖ സി ഐ, കുറ്റിക്കാട് വീട്, ചാലിമല, തുരുത്തിക്കര, മുളംന്തുരുത്തി, പൈങ്ങാരപ്പിള്ളി, | പാർപ്പിടാവശ്യം | 113.9 | 683.4 - 68.34 (മേഖല 10% ഇളവ്) + 136.68(വഴി സൌകര്യം 20% വർദ്ധനവ്) +68.34 (AC 10% വർദ്ധനവ്) = 821 | 17-8-2022 | 683.4 + 136.68 +68.34 = 889 | 68 |
| 7 | 8/318/A5 | അരുൺ എൻ വി ആൻഡ് അഭിത വൽസൻ, ഞാറ്റവടയിൽ വീട്,മുളംന്തുരുത്തി, പൈങ്ങാരപ്പിള്ളി | പാർപ്പിടാവശ്യം | 153.38 | 920.28 - 92.028 (മേഖല 10% ഇളവ്) = 829 | 7-12-2022 | 920.28 (921 റൗണ്ട് ചെയ്തത്) | 92 |
| ആകെ | | | | | | | | 1827 |

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട മേൽ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/16-9-2023) മറുപടി ലഭ്യമായില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹292450 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (എസ്.0067/23) | ₹292450 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹349200 | ലൈഫ് ഭവനനിർമ്മാണം – ജനറൽ (എസ്.0148/23) | ₹349200 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹473009 | മാർക്കറ്റിംഗ് കോംപ്ലക്സ് 0027/23) | ₹473009 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹187464 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (എസ്.0048/23) | ₹187464 | |
| ആകെ | | ₹1302123 | | ₹1302123 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹214000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് (എസ്.0067/23) | ₹214000 | - |
| ജില്ലാ പഞ്ചായത്ത് | | ₹994836 | നെൽക്കൃഷിവികസനം | ₹994836 | - |
| ജില്ലാ പഞ്ചായത്ത് | | ₹450000 | എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ₹450000 | - |
| ജില്ലാ പഞ്ചായത്ത് | | ₹25000 | പോത്തുകുട്ടി വിതരണം | ₹25000 | - |
| ജില്ലാ പഞ്ചായത്ത് | | ₹1195263 | മാർക്കറ്റിംഗ് കോംപ്ലക്സ് 0027/23) | ₹1195263 | |
| ആകെ | | ₹2879099 | | ₹2879099 | - |
| കോർപ്പറേഷൻ | | ₹11,68,046 | ടേക്ക് എ ബ്രേക്ക് | ₹1168046 | |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | വൗച്ചർ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പുളിക്കമാലി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 393000/- | XVFC/2022-23/P42 Dtd 24/03/23 | | 393000/- |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ആകെ 69,02,554/- രൂപയുടെ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | യുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ (സാധാ.) 2759/15/ ത.സ്വ.ഭ.വ., 10.09.2015 | 22284000 | 8773774 | 2973240 | 797557 | 5800534 |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (സാധാ.) 124/18/ ത.സ്വ.ഭ.വ., 11.09.2018 | 3813600 | 4517600 | 1217273 | 0 | 3300327 |

കുറിപ്പ് – KURDFC ലോൺ മുതലിനൊപ്പം അതേ ഹെഡിൽ ഈ വർഷം നൽകിയ നാല് ഗഡു പലിശയിൽ രണ്ട് ഗഡു പലിശ കൂടി ചേർത്തതിനാൽ വാർഷിക കണക്ക് പ്രകാരം വായ്പാ കണക്കിൽ പൊരുത്തക്കേടുണ്ട്. യഥാർത്ഥ പലിശ ബാധ്യതയായ ₹58,00,534/- ന് പകരം ₹54,42,263/- ആണ് വാർഷിക കണക്ക് പ്രകാരം വായ്പ ബാധ്യതയായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 820803/- രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2021-22 | 1-11-2 | 2500/- | കെ.പി.ബി നിധി ലിമിറ്റഡ് | 1220108804/ 23-1-2023 |
| 2 | 2021-22 | 1-11-3 | 50/- | ഡെന്റൽ ഹെൽത്ത് സെന്റർ | 1220108846/ 23-1-2023 |
| 3 | 2021-22 | 1-11-3 | 50/- | മാർ ബസേലിയോസ് ക്ലിനിക്ക് | 1220108847/ 23-1-2023 |
| 4 | 2021-22 | 1-11-3 | 50/- | അലക്സാണ്ടർ ക്ലിനിക്ക് | 1220108848/ 23-1-2023 |
| 5 | 2021-22 | 1-11-3 | 50/- | എണ്ണത്തക്കര ആയുർവ്വേദ ഫിസിയോ തെറാപ്പി | 1220108849/ 23-1-2023 |
| 6 | 2021-22 | 1-11-3 | 50/- | സെന്റ് ആന്റണീസ് ഡെന്റൽ ക്ലിനിക്ക് | 1220108850/ 23-1-2023 |
| 7 | 2021-22 | 1-11-3 | 50/- | കിഷോർ കെ.കെ, ആയുർവ്വേദ പഞ്ചകർമ്മ ചികിത്സ കേന്ദ്രം | 1220108851/ 23-1-2023 |
| 8 | 2021-22 | 1-11-3 | 50/- | തോമസ് ലബോറട്ടറി | 1220108852/ 23-1-2023 |
| 9 | 2021-22 | 1-11-3 | 50/- | സെന്റ് തോമസ് | 1220108853/ |

| | | | | | |
|---|---|---|---|---|---|
| | | | | ക്ലിനിക്ക്, മുളന്തുരുത്തി | 23-1-2023 |
| 10 | 2021-22 | 1-11-3 | 50/- | ലോട്ടസ് ഐ ക്ലിനിക്ക് | 1220108854/ 23-1-2023 |
| 11 | 2021-22 | 1-11-1 | 41998/- | ഷാജി കെ ഏലിയാസ് | 1220108863/ 24-1-2023 |
| 12 | 2021-22 | 1-15 | 1000/- | കെ പി ബെന്നി | 1220109055/ 31-1-2023 |
| 13 | 2020-21 | 1-12 | 2500/- | ഇല്യാസ് പി എച്ച്, കോൺട്രാക്ടർ | 1220108925/ 27-1-2023 |
| 14 | 2020-21 | 2-1-1 | 154529 | ജനറൽ മാനേജർ | 1220111356/ 16-3-2023 |
| 15 | 2009-10 | 3-13 | 617826/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച് ഡിവിഷൻ മൂവാറ്റുപുഴ | 1220110238/ 27-2-2023 |
| | | ആകെ | 820803/- | | |

ഇതിൽ 44948/- രൂപ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ – 1-11 ഓഡിറ്റ് ഇംപാക്ട് പ്രകാരം ഈടാക്കിയിട്ടുള്ളതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 (1) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | ന്യൂനത പരിഹാരപത്രിക സമർപ്പിച്ചിട്ടുണ്ട്. |

.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹6,34,59,407.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹5,26,55,811.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹3996.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹21,21,856.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | ₹2,169/- | | ബിന്ദ വർഗ്ഗീസ്<br>സെക്രട്ടറി , മുളന്തുരുത്തി ഗ്രാമപഞ്ചാത്ത് |
| 2-2 | ₹1,827/- | | ബിന്ദ വർഗ്ഗീസ്<br>സെക്രട്ടറി , മുളന്തുരുത്തി ഗ്രാമപഞ്ചാത്ത് |
| ആകെ | ₹3,996/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | ₹32,690/- | ശ്രീമതി.അനഘ പി.വി. ഐ.സി.ഡി.എസ് സൂപ്പർവൈസർ, മുളന്തുരുത്തി |
| | ₹83,650/- | ശ്രീമതി വന്ദന<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ, മുളന്തുരുത്തി |
| 1-24 | 3,93,000/- | ബിന്ദ വർഗ്ഗീസ്,<br>സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-27 | ₹1,10,000/- | ബിന്ദ വർഗ്ഗീസ്,<br>സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-30 | ₹11,16,877 | ബിന്ദ വർഗ്ഗീസ്,<br>സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-31 | ₹70,000 | ബിന്ദ വർഗ്ഗീസ്,<br>സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-33 | ₹2,67,639 | ഡോ.ജെസ്സി ഉതുപ്പ്,<br>മെഡിക്കൽ ഓഫീസർ -ഹോമിയോ,<br>മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-36 | ₹48,000 | ബിന്ദ വർഗ്ഗീസ്,<br>സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| ആകെ | ₹21,21,856 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദ വർഗ്ഗീസ്<br>സെക്രട്ടറി<br>മുളന്തുരുത്തി<br>ഗ്രാമപഞ്ചായത്ത് | സെക്രട്ടറി<br>മുളന്തുരുത്തി<br>ഗ്രാമപഞ്ചായത്ത് | ചീരാംയാലിൽ ഹൌസ്<br>മുളന്തുരുത്തി (പി.ഒ)<br>എറണാകുളം -682314 |
| ഡോ.ജെസ്സി ഉതുപ്പ്<br>ഹോമിയോ ഡിസ്പെൻസറി.<br>മുളന്തുരുത്തി | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | അനുഗ്രഹ,<br>വടകോട് പി.ഒ., കങ്ങരപ്പടി,<br>കൊച്ചി |
| ശ്രീമതി.അനഘ പി.വി. | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | 3 C, റോയൽ ഡ്രീംസ്<br>സംസ്കൃത കോളേജ് റോഡ്,<br>തൃപ്പൂണിത്തുറ |
| ശ്രീമതി.വന്ദന<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>മുളന്തുരുത്തി | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ<br>മുളന്തുരുത്തി | എഫ് 5,<br>ലോട്ടസ് ഗാർഡൻസ്,<br>ഫോർട്ട്, തൃപ്പൂണിത്തുറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | കെ.എസ്.എ-ഇകെഎം(പി.6)1530/22/4.1.2023 |
| 1999-2000 | |
| 2002-03 | എൽ.എഫ്.ഇ.(പി.4)732/04/06.04.2005 |
| 2003-04 | എൽ.എഫ്.ഇ.(പി.4)1064/05/21.12.2005 |
| 2004-05 | കെ.എസ്.എ.ഇകെഎം.(പി.6) 1530/22/4.1.2023 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | |
| 2011-12 | |
| 2012-13 | |
| 2013-14,<br>2014-15 | |
| 2015-16 | കെ.എസ്.എ-ഇകെഎം(പി.6) 2128/18/10.7.2018 |
| 2016-17 | കെ.എസ്.എ-ഇകെഎം(പി.6) 1268/17/6.5.2018 |
| 2017-18 | കെ.എസ്.എ-ഇകെഎം(പി.6) 1609/18/ 11.6.2019 |
| 2018-19 | കെ.എസ്.എ-ഇകെഎം(പി.6) 1548/19 /06.11.19 |
| 2019-20 | കെ.എസ്.എ-ഇകെഎം(പി.6) 493/21 /30.03.21 |
| 2020-21 | കെ.എസ്.എ-ഇകെഎം(പി.6) 520/22 /06.08.2022 |
| 2021-22 | കെ.എസ്.എ-ഇകെഎം(പി.6) 104/23 /10.04.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6(1) dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mulamthuruthy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mulamthuruthy Grama Panchayat for the year 2022-2023

Date: 02/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Mulamthuruthy Grama Panchayat for the Year 2022-2023.**

**1.Major Observations**

1.Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4.Non inclusion of *Notes to Accounts* in Financial statements and non disclosure of material facts.

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios and Notes on Accounts.

2.Discrepancy in the Cash flow statement of Grama Panchayath for F.Y 2022-23 as amount recorded in *Net increase/ decrease in cash and cash equivalents*(Rs.10803596.00) does not match with the "*Net Cash Generated By Operating+Investing+Financing Activity-* which is recoderd as Rs.6048573/-. Both figures should be equal as per the approved accounting standards.

3.The closing balance of schedule R.P.40 (b) for the previous year on 31.03.2022 does not match with opening balance as per schedule R.P.40(a) in the F.Y 2022-23. There is a difference of Rs.10/- in the balance in SBI e-payment account.

4.K.U.R.D.F.C Loan balance as per loan register does not match with loan balance in the Balance Sheet.

5.Property Tax D.C.B in A.F.S is not in tally with the DCB in Sulekha Statements.

6.Even though most of the advances are recorded in the advance register, the project details, vouchers, date of transfer of money etc are not recorded.

7.The balance kept in the E-tender fees account of the Assistant Engineer, LSGD Engineering wing is not taken into account while preparing the A.F.S.

8.The bank reconciliation statements of SBI e-payments account, Swachh Bharath Mission account, Union bank PFMS accounts are not correct as it contains the details of stale cheques.

9.The balance of TSB own fund account as on 31/03/2023 is recorded as Rs.4085/-. But the passbook presented for audit was last updated in the year 2020 .

10.Bill requisitions of treasury queue bills on 31/03/2023 are not cancelled with respect to Development Fund General, Development Fund (S.C.P), Maintenance grant road assets.

11.Project details and expenditure with respect to two projects 45/23 & 84/23 does not reflect in sulekha expenditure statements.

DEPUTY DIRECTOR

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്